# ദി ഡിഫെൻഡർ

Vol. No. 10 Issue No. 12 | RNI Reg. No. 68089 / 97 | Published From Perumbavoor | 2007 JUNE 16 | Price: Rs.100/- P.A.


# കുറ്റപ്പുഴ ഐ.പി.സിയിലും പോലീസ് വിളയാട്ടം

പെരുമ്പെട്ടി ഐ.പി.സിയിലെ പോലീസ് വിളയാട്ടത്തിനു പിന്നാലെ കുറ്റപ്പുഴ ഐ.പി.സിയിലും പോലീസ് വിളയാട്ടം. പാസ്റ്ററുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇവിടെയും കുഴപ്പത്തിന് കാരണം.

നിലവിലുള്ള പാസ്റ്ററായ കെ.കെ.ജോർജിനെ മാറ്റി പകരം ശിവൻപിള്ളയെ പാസ്റ്ററായി നിയമിച്ചുകൊണ്ട് സഭാ നേതൃത്വം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സഭാനേതൃത്വവുമായി ഇടഞ്ഞു നിൽക്കുന്ന കെ.കെ. ജോർജ് ഒഴിഞ്ഞുപോകാൻ കൂട്ടാക്കിയില്ല. അതോടെ പുതിയ പാസ്റ്ററായ ശിവൻപിള്ള ത്രിശങ്കുവിലായി. പഴയ സഭയിലേക്ക് മടങ്ങാനും പറ്റില്ല. കുറ്റപ്പുഴയിൽ കയറാനും വയ്യ.

ഇത്തരം സന്ദർഭങ്ങളിൽ കോടതിയെ സമീപിക്കയാണ് ശരിയായ വഴി. അത് ശിവൻപിള്ളയും കൂട്ടരും ചെയ്തു. പക്ഷേ കോടതിയുടെ ഉത്തരവ് വരുന്നതുവരെ കാത്തിരിക്കാൻ ശിവൻപിള്ള തയ്യാറായില്ല. പോലീസിനെ ഉപയോഗിച്ച് കെ.കെ.ജോർജിനെ പുറത്താക്കാൻ തീരുമാനിച്ചു. അതനുസരിച്ച് പോലീസിന് 25000 രൂപ കൈക്കൂലി കൊടുത്തു. പണം കണ്ടാൽ പിണവും വായ് പിളർക്കും എന്നാണല്ലോ ചൊല്ല്. പിന്നെ പോലീസ് വായ് പിളർന്നതിൽ അത്ഭുതമില്ല. അങ്ങനെ പോലീസ് കെ.കെ. ജോർജിൽ നിന്നും ബലമായി താക്കോൽ വാങ്ങി ശിവൻപിള്ളക്ക് കൊടുത്തു. മാത്രമല്ല കെ.കെ. ജോർജിനെ പരസ്യമായി അവഹേളിക്കയും ചെയ്തു.

പെന്തക്കോസ്ത് പാസ്റ്ററായ കെ.കെ.ജോർജിന് ഇതിനെതിരെ പ്രതികരിക്കാൻ ധൈര്യം ഉണ്ടാകില്ല എന്നായിരുന്നു പോലീസിന്റെ കണക്കുകൂട്ടൽ. പക്ഷേ അദ്ദേഹം പോലീസിലെ മേലധികാരികൾക്ക് പരാതി കൊടുത്തു. അതോടെ കഥ മാറി. ഐ.പി.സി നേതാക്കൻമാരുടെ ഉത്തരവ് നടപ്പിലാക്കലല്ല പോലീസിന്റെ പണിയെന്നും ഇത്തരം തർക്കങ്ങളിൽ ഇടപെടരുതെന്നും മേലുദ്യോഗസ്ഥന്റെ കർശന നിർദ്ദേശമുണ്ടായി. അതോടെ തിരുവല്ലയിലെ പോലീസ് പത്തിമടക്കി.

പെരുമ്പെട്ടി ഐ.പി.സിയിൽ പ്രശ്നങ്ങളുണ്ടാക്കാൻ നിർദ്ദേശം കൊടുത്ത പോലീസ് ഉദ്യോഗസ്ഥൻ തന്നെയാണ് കൈക്കൂലി വാങ്ങി കുറ്റപ്പുഴയിലും കോലാഹലമുണ്ടാക്കിയത്. പക്ഷേ മേലുദ്യോഗസ്ഥരുടെ സമയോചിതമായ ഇടപെടൽ മൂലം ശിവൻപിള്ളയുടേയും കൂട്ടരുടേയും താല്പര്യം സംരക്ഷിക്കാൻ തിരുവല്ല പോലീസിന് കഴിഞ്ഞില്ല.

ശിവൻപിള്ളയും സംഘവും കോടതിയിൽ കൊടുത്ത കേസ്സിൽ കോടതി പിന്നീട് ഒരു താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് ശിവൻപിള്ളക്ക് കുറ്റപ്പുഴ സഭയിൽ ഞായറാഴ്ച ആരാധന നടത്താം. മറ്റെല്ലാ കാര്യത്തിലും നിലവിലുള്ള സ്ഥിതി തുടരും.

പണവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് കാര്യം നേടാൻ സഭാനേതൃത്വം ശ്രമിക്കുന്നതാണ് ഇത്തരം കുഴപ്പങ്ങൾക്ക് കാരണം. സുവിശേഷപ്രവർത്തനത്തിനെന്ന പേരിൽ പിരിച്ചെടുത്ത പണം കൈവശമുള്ളതിനാൽ നേതാക്കൻമാർക്ക് എന്തു തോന്ന്യാസവും കാണിക്കാൻ മടിയുണ്ടാകുന്നില്ല. കൈക്കൂലി കിട്ടിയാൽ എന്തും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ ഉള്ളതുകൊണ്ട് കാര്യങ്ങൾ എളുപ്പമാകുന്നു. പക്ഷേ കോടതിയുത്തരവുകൾ പലപ്പോഴും സഭാനേതൃത്വത്തിന് തിരിച്ചടിയാകാറുണ്ട്. ശിവൻപിള്ളക്ക് കുറ്റപ്പുഴയിൽ സഭായോഗം നടത്താൻ മാത്രമാണ് കോടതി അനുവാദം കൊടുത്തിട്ടുള്ളത്. പെരുമ്പെട്ടിയിൽ അതുമില്ല. കെ.പി.കുര്യന്റെ കേസ്സിൽ വിധി ഉണ്ടായിട്ടുമില്ല.

# ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ സന്ദർശകപ്രവാഹം

ഡിഫെൻഡറിന്റെ ഇന്റർനെറ്റ് എഡിഷന് ലോകമെമ്പാടുമുള്ള വായനക്കാരിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിക്കുന്നത്. ഓരോ ലക്കവും ഇപ്പോൾ ആയിരത്തിൽ അധികം ആളുകൾ വായിക്കുന്നു.

ഏഴു വർഷം മുൻപാണ് ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ഏറെ താമസിയാതെ ഇന്റർനെറ്റ് എഡിഷന് അയ്യായിരത്തോളം വായനക്കാരുണ്ടായി. അതോടെ ഡിഫെൻഡർ പലരുടേയും കണ്ണിലെ കരടായി. പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ഡിഫെൻഡർ നടത്തിയ പോരാട്ടം അനേകരുടെ ഉറക്കം കെടുത്തി. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സുരേഷ് ബാബു തുടങ്ങിയവരുടെയൊക്കെ തനിനിറം മാലോകർ കണ്ടു. അതോടെ പെന്തക്കോസ്തിലെ കള്ളൻമാരെല്ലാം ഡിഫെൻഡറിനെതിരെ കൈകോർത്തു. കെ.സി.ജോണിന്റെ നേതൃത്വത്തിൽ പെന്തക്കോസ്ത് ഐക്യവേദി ഉണ്ടായി. (രണ്ടാഴ്ച കഴിഞ്ഞ് ഇല്ലാതാകുകയും ചെയ്തു). ഡിഫെൻഡറിനെതിരെ നിരവധി കള്ളക്കേസ്സുകളുണ്ടായി. ഒടുവിൽ ഇന്റർനെറ്റ് കേസ്സും.

ഡിഫെൻഡർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കാലമായിരുന്നു അത്. ഇന്റർനെറ്റിലൂടെ ആയിരങ്ങൾ ഡിഫെൻഡർ വായിച്ചെങ്കിലും പത്രം പ്രസിദ്ധീകരിക്കാനുള്ള പണം പോലും ഇല്ലാതെ പബ്ലീഷർ വിഷമിച്ചു. മറ്റൊരു നിവൃത്തിയും ഇല്ലാതായപ്പോൾ, നാല് വർഷം മുൻപ് ഇന്റർനെറ്റ് എഡിഷൻ നിർത്തുകയും വരിസംഖ്യ നിർബ്ബന്ധമാക്കുകയും ചെയ്തു. അതോടെ ഡിഫെൻഡറിന് നിരവധി വിദേശ വരിക്കാരെ ലഭിച്ചു. പോസ്റ്റിലും ഈമെയിലിലും ഡിഫെൻഡർ അയച്ചുവന്നു. എങ്കിലും വിദേശ വരിക്കാരുടെ എണ്ണം ഇന്റർനെറ്റ് എഡിഷൻ സ്ഥിരമായി വായിച്ചിരുന്നവരുടെ പത്തിൽ ഒന്നു മാത്രമായി ചുരുങ്ങി. അതോടെ ഡിഫെൻഡറിലൂടെ സത്യം അറിയുന്നവരുടെ സംഖ്യ വളരെ കുറഞ്ഞു. ഡിഫെൻഡർ നിന്നുപോയി എന്നുപോലും ചിലർ ധരിച്ചു.

ഇന്റർനെറ്റ് കേസ്സിൽ കഴിഞ്ഞ വർഷം ഉണ്ടായ വിധി പത്രങ്ങളിലൂടെ മിക്കവരും അറിഞ്ഞെങ്കിലും വിദേശത്ത് ഡിഫെൻഡർ വായിക്കുന്നവർ കുറവായിരുന്നതിനാൽ സത്യം എന്തെന്ന് മിക്കവരും ഗ്രഹിച്ചില്ല. ഇത്തരം ഒരു സ്ഥിതിവിശേഷം ഇനി ഉണ്ടാകരുതെന്ന ഉദ്ദേശ്യത്തോടെയാണ് ഇന്റർനെറ്റ് എഡിഷൻ പുനരാരംഭിച്ചത്. അത് പ്രതീക്ഷിച്ചതിൽ അധികം വിജയിച്ചു. ഏതാനും മാസങ്ങൾക്കകം വായനക്കാരുടെ എണ്ണം 5000 കവിയും എന്നാണ് പ്രതീക്ഷ.


## – 100 പ്രസംഗങ്ങൾ –
## റിക്കാഡിംഗ് പുരോഗമിക്കുന്നു

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

## പ്രഭാതധ്യാനം

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭാതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.

വിലാസം:
**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
ഫോൺ: 0484-3232356, 9447414608


# ആത്മഭാരവുമായി ആയിരങ്ങൾ അമേരിക്കയിലേക്ക്

സുവിശേഷം അറിയാതെ നശിച്ചുപോകുന്ന അമേരിക്കക്കാരേക്കുറിച്ചുള്ള ആത്മഭാരം കേരളത്തിലെ പെന്തക്കോസ്തുകാർക്ക് താങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് അവരിൽ ഭൂരിപക്ഷവും ഇപ്പോൾ അമേരിക്കയിൽ എത്തിയിട്ടുണ്ട്. അടുത്ത നാലഞ്ച് മാസക്കാലം ഇവർ അമേരിക്കയെ സുവിശേഷം കൊണ്ട് നിറയ്ക്കും.

കേരളത്തിലെ കൺവെൻഷൻ സീസൺ അവസാനിക്കുന്നതോടെയാണ് പാസ്റ്റർമാർക്ക് അമേരിക്കയേക്കുറിച്ച് ആത്മഭാരം ഉണ്ടാകുന്നത്. അങ്ങനെ മെയ്-ജൂൺ മാസങ്ങളിൽ അവർ അമേരിക്കയിൽ എത്തും. മഴയൊക്കെ മാറി കേരളത്തിലെ മാനം തെളിയുന്നതുവരെ ഈ ആത്മഭാരം തുടരും. നവംബർ ആകുന്നതോടെ ഇന്ത്യയേക്കുറിച്ചുള്ള ഭാരം കലശലാകും. അതോടെ ഇന്ത്യയിലേക്ക് മടങ്ങുകയും ചെയ്യും.

ഇത്തവണ ആത്മഭാരം മൂത്ത് കടൽ കടന്നവരുടെ എണ്ണം വളരെ വലുതാണ്. ഭൂരിപക്ഷം നേതാക്കൻമാരും അക്കരെയെത്തിക്കഴിഞ്ഞു. പെന്തക്കോസ്ത് കോൺഫ്രൻസിൽ പങ്കെടുക്കുകയാണ് പ്രാധാന ലക്ഷ്യം. അമേരിക്കയിലെ പ്രമുഖ പണച്ചാക്കുകളെയെല്ലാം അവിടെ കാണാൻ കഴിയും. അമേരിക്കയിൽ തെക്കുവടക്ക് നടക്കേണ്ടതില്ല. ഒത്താൽ ഒരു പ്രസംഗം, അല്ലെങ്കിൽ ഒരു പ്രാർത്ഥ. ഷൈൻ ചെയ്യാനും പോക്കറ്റ് നിറയ്ക്കാനും അതിൽ അധികമൊന്നും വേണ്ടല്ലോ.

പെന്തക്കോസ്ത് കോൺഫ്രൻസിലെ പ്രസംഗകരിൽ ഒരാൾ കെ.സി.ജോണാണ്. സ്വന്തം അമ്മായിയമ്മയെ വരെ ഭാര്യയാക്കിയ ഈ നീചനെ ഒഴിവാക്കാനുള്ള വിവേകം കോൺഫ്രൻസിന്റെ നേതാക്കൻമാർക്കുണ്ടായില്ല. ഏതായാലും ചവറിന് കാശ് പിരിക്കാൻ കെ.സി.ജോണിന് ഏറെ ബുദ്ധിമുട്ടേണ്ടതായി വരില്ല.

ചവറിന് പണം കൊടുത്ത് വിഡ്ഢികളാകാൻ അമേരിക്കയിൽ ആളുണ്ടാകും എന്നതിന് സംശയമില്ല. രണ്ടു വർഷം മുൻപ് അമേരിക്കയിൽ നിന്ന് പണം പിരിക്കാൻ കെ.സി.ജോൺ നടത്തിയ ശ്രമം വിജയിച്ചില്ല. പക്ഷേ ഇത്തവണ ബുദ്ധിമുട്ടുണ്ടാകുകയില്ല. കാരണം, കെ.സി.ജോൺ ഇപ്പോൾ ഐ.പി.സിയുടെ പ്രസിഡന്റാണ്. പ്രസിഡന്റിന്റെ പ്രീതി നേടിയെടുക്കാൻ ഭൂരിപക്ഷം ഐ.പി.സിക്കാർക്കും താല്പര്യം ഉണ്ടാകും. കൂടാതെ, അമേരിക്കയിൽ ചാനൽ ഉദ്ഘാടനം ചെയ്യുകയുമാണല്ലോ. ആ വകയിലും പണം പിരിക്കാം. ഏതായാലും അദ്ധ്വാനിച്ചുണ്ടാക്കിയ പണം ഈ കള്ളനു കൊടുത്ത് വിഡ്ഢികളാകാൻ ഏറെപ്പേർ തയ്യാറാകും എന്നതിന് സംശയമില്ല.

പാസ്റ്റർ ബാബു ചെറിയാനാണ് മറ്റൊരു പ്രസംഗകൻ. ഐ.പി.സിയിൽ അവശേഷിക്കുന്ന ചുരുക്കം ദൈവദാസൻമാരിൽ ഒരുവനാണ് ബാബു ചെറിയാൻ. ദുർന്നടപ്പുകാരനല്ല. ദ്രവ്യാഗ്രഹിയോ അധികാരമോഹിയോ ദുരുപദേശക്കാരനോ അല്ല. ഒരു ദൈവദാസന് വേണ്ട മിനിമം യോഗ്യത അദ്ദേഹത്തിനുണ്ട്. ഇങ്ങനെയുള്ളവരെ പ്രസംഗകരായി ക്ഷണിക്കാനുള്ള വിവേകം സംഘാടകർക്കുണ്ടായാൽ അത് ഏറെ ഗുണം ചെയ്യും.

ദി ഡിഫെൻഡർ

Vol. No.10 Issue No. 12 2007 June 16

# ദൈവസ്നേഹമോ ദ്രവ്യസ്നേഹമോ

ലോകമെമ്പാടും പോയി സുവിശേഷം അറിയിക്കണം എന്നത് കർത്താവായ യേശുക്രിസ്തുവിന്റെ കല്പനയാണ്. ആദിമ സഭയിലെ ദൈവദാസൻമാർ അത് അക്ഷരം പ്രതി അനുസരിക്കുകയും ചെയ്തു. ഒന്നാം നൂറ്റാണ്ടിൽത്തന്നെ കേരളത്തിൽ ദൈവസഭ ഉണ്ടായതും ഇങ്ങനെയാണ്. പക്ഷേ ഇന്ന് സ്ഥിതി ആകെ മാറിയിരിക്കയാണ്.

നശിച്ചുപോകുന്ന ആത്മാക്കളോടുള്ള സ്നേഹം മൂലമാണ് അക്കാലത്ത് ദൈവദാസൻമാർ ലോകം ചുറ്റിയത്. തോമാശ്ലീഹായോ മറ്റേതെങ്കിലും ദൈവദാസനോ ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയതും ഈ കാരണത്താലത്രേ. പണം ഉണ്ടാക്കുക എന്നത് ഒരിക്കലും അവരുടെ ലക്ഷ്യമായിരുന്നില്ല. അവർക്ക് പണം ഉണ്ടായതുമില്ല. കഷ്ടതയും ബുദ്ധിമുട്ടും പട്ടിണിയും ഒക്കെയാണ് അവർക്ക് ലഭിച്ചിരുന്നത്. എന്നിട്ടും അവർ ദൈവവേല ചെയ്തു. സഭകൾ സ്ഥാപിച്ചു.

അര നൂറ്റാണ്ടു മുൻപ് കേരളത്തിലെ പെന്തക്കോസ്തിന്റെ സ്ഥിതിയും ഇതുതന്നെ ആയിരുന്നു. എല്ലാവിധ പ്രതികൂലങ്ങളുടെ നടുവിലും ദൈവദാസൻമാർ പതറാതെ ദൈവവേല ചെയ്തു. വണ്ടിക്കൂലിക്ക് പണമില്ലാതിരുന്നതുകൊണ്ട് മൈലുകൾ നടന്ന് സുവിശേഷം അറിയിച്ചു. അങ്ങനെ ദേശത്ത് വേല വെളിപ്പെട്ടു. ജനം മാനസാന്തരപ്പെട്ടു. അക്കാലത്ത് സഭാഹാളുകൾ ഏറെയില്ലായിരുന്നു. ഇന്നു കാണുന്ന ആഡംബരങ്ങൾ ഒന്നും ഇല്ലായിരുന്നു. എങ്കിലും ആത്മാക്കൾ രക്ഷിക്കപ്പെട്ടു. അതിൽ അവർ സന്തോഷിച്ചു.

ഇന്നത്തെ സ്ഥിതി എന്താണ്? ആറു മാസം അമേരിക്കയിലും ആറുമാസം ഇന്ത്യയിലുമായി കഴിയുന്ന നേതാക്കൻമാരാണ് പെന്തക്കോസ്തിലുള്ളത്. ദൈവസ്നേഹമല്ല ദ്രവ്യസ്നേഹമാണ് അവരെ നയിക്കുന്നത്. അമേരിക്ക, ഇംഗ്ലണ്ട്, ഗൾഫ് തുടങ്ങി പണം കിട്ടുന്ന സ്ഥലങ്ങളിലേക്ക് അവർ സുവിശേഷവുമായി പോകും. പണം ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ദരിദ്ര രാഷ്ട്രങ്ങളിലേക്ക് ഒരു പെന്തക്കോസ്ത് നേതാവും പോയതായി ചരിത്രമില്ല.

കേരളത്തിലെ സ്ഥിതിയും ഇതുതന്നെ. തെക്കൻ ജില്ലകളിൽ പ്രസംഗകരുടെ തിരക്കാണ്. പക്ഷേ മലബാർ മേഖലയിലേക്ക് പോകാൻ മിക്ക നേതാക്കൻമാരും തയ്യാറല്ല. കൺവെൻഷനുകളിൽ ആള് കുറവായിരിക്കും. കിട്ടുന്ന കൈമടക്ക് വണ്ടിക്കൂലിക്കുപോലും തികഞ്ഞില്ലെന്നും വരാം. അതുകൊണ്ട് വടക്കോട്ട് പോകാതിരിക്കുകയാണ് ബുദ്ധി. സഭാനേതാക്കൻമാരേയും പ്രസംഗകരേയും ഒക്കെ ഇന്ന് നയിക്കുന്നത് ദൈവസ്നേഹമല്ല ദ്രവ്യസ്നേഹമാണ്. ഇവരുടെ ദൈവം ക്രൂശിക്കപ്പെട്ട യേശുവല്ല മാമ്മോനാണ്.

# സത്യം സത്യമായി

ഒഴിപ്പിക്കൽ പ്രശ്നം ഒഴിയാബാധ ആയിരിക്കയാണ്. ഒഴിപ്പിക്കയുമില്ല ഒഴിയുകയുമില്ല എന്നതാണ് സ്ഥിതി. പരിപാടി ആരംഭിച്ചപ്പോൾ നല്ല ചൂടും ശുഷ്ക്കാന്തിയും ആയിരുന്നു. സംഗതി പൊതുജനത്തിന് നന്നായി ബോധിക്കയും ചെയ്തു. മുഖ്യമന്ത്രിയുടെ ജനപ്രീതി കുതിച്ചു കയറി. അതോടെ പലർക്കും ഉറക്കം ഇല്ലാതാകുകയും ചെയ്തു. ഏറെ താമസിയാതെ ഫലവും കണ്ടു. ഇപ്പോൾ ആകെ കുഴഞ്ഞു മറിഞ്ഞിരിക്കുന്നു.

രവീന്ദ്രൻ പട്ടയം എന്ന പേരിൽ കുപ്രസിദ്ധമായ പട്ടയങ്ങളാണ് ഇപ്പോൾ കുഴപ്പം ഉണ്ടാക്കുന്നത്. പട്ടയം കൊടുക്കാൻ അധികാരമില്ലാത്ത രവീന്ദ്രൻ എന്ന ഉദ്യോഗസ്ഥനേക്കൊണ്ട് അന്നത്തെ ഇടതുപക്ഷ സർക്കാർ പട്ടയം കൊടുപ്പിച്ചു. വെറുതെ കൊടുപ്പിക്കയല്ല, പട്ടയമേള നടത്തിയാണ് പട്ടയം വിതരണം ചെയ്തത്. അധികാരമില്ലാത്ത ഉദ്യോഗസ്ഥനാണ് ഒപ്പിട്ടതെന്ന് അന്ന് മനസ്സിലാക്കാതിരുന്നതെന്ത്? മനസ്സിലാക്കിയപ്പോൾ ഈ തെറ്റ് തിരുത്താതിരുന്നതെന്ത്?

ഈ പട്ടയങ്ങൾ അപ്പാടെ റദ്ദ് ചെയ്താൽ പാർട്ടിയിലെ നേതാക്കൻമാരുടെ മാത്രമല്ല പാർട്ടി ഓഫീസിന്റെ തന്നെ നിലനിൽപ്പ് പ്രശ്നത്തിലാകും. രവീന്ദ്രൻ പട്ടയം വഴി കൃഷിക്ക് ലഭിച്ച സ്ഥലത്താണ് പാർട്ടി ഓഫീസുകൾ സ്ഥിതി ചെയ്യുന്നത്. പാർട്ടി ഓഫീസ് എന്ന് പേരേയുള്ളൂ. അവിടെയുള്ളത് മറ്റു പല വ്യാപാരസ്ഥാപനങ്ങളുമാണ്. അതെല്ലാം നഷ്ടപ്പെടുന്നത് സഹിക്കാൻ പറ്റാത്ത കാര്യമാണ്. അതുകൊണ്ട് ദൗത്യസംഘത്തിന്റെ തലയിൽ കുതിര കയറി പാർട്ടിയുടെ മാനവും ഓഫീസും സംരക്ഷിക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ ഒഴിപ്പിക്കരുത് എന്ന് ദൗത്യസംഘത്തിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി. മൂന്നാറിലെ പാർട്ടി ഓഫീസുകൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ റിസോർട്ടുകൾ പ്രവർത്തിക്കുന്നു എന്ന് ഏവർക്കും അറിവുള്ള കാര്യമാണ്. ഭൂമി കയ്യേറി ഉണ്ടാക്കിയ റിസോർട്ടുകൾ രക്ഷിക്കാൻ ഇതാ ഒരു മാർഗ്ഗം. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് റിസോർട്ടിലെ ഒരു മുറി പാർട്ടി ഓഫീസ് നടത്താൻ വിട്ടു കൊടുക്കുക. പുറത്ത് പാർട്ടി ഓഫീസിന്റെ ഒരു ഉശിരൻ ബോർഡും വെയ്ക്കുക. ശുഭം.

ടാറ്റാ ഭൂമി കൈയ്യേറിയിട്ടില്ലെന്ന കാര്യത്തിൽ മുൻ എം.എൽ.എക്ക് സംശയമേയില്ല. തേയിലച്ചെടികൾ പറിക്കുമ്പോൾ ഈ നേതാവിന്റെ ഹൃദയം പറിഞ്ഞു പോകുകയും ചെയ്യുന്നു. ഇതെന്തു മറിമായം? ടാറ്റാ ഭൂമി കയ്യേറിയിട്ടില്ലെന്ന് ഇദ്ദേഹം എങ്ങനെ കണ്ടുപിടിച്ചു? ഭൂമി മുഴുവൻ അദ്ദേഹം അളന്ന് തിട്ടപ്പെടുത്തിയോ? സംഗതി അതല്ലെന്ന് ഏവർക്കും അറിയാം. പിള്ളാരല്ലേ പിണ്ണാക്കല്ലേ, കണ്ടാൽ ഇത്തിരി തിന്നാതിരിക്കുമോ എന്നു പറഞ്ഞതുപോലെ ടാറ്റായല്ലേ നേതാവല്ലേ എന്ന് കണക്കാക്കിയാൽ മതിയാകും.

ആരോഗ്യ വകുപ്പിനെ ബാധ വിട്ടുമാറുന്ന ലക്ഷണമില്ല. ഒന്നൊഴിയുമ്പോൾ മറ്റൊന്ന് എന്നതാണ് സ്ഥിതി. വിവിധ രൂപത്തിലും ഭാവത്തിലുമുള്ള പനിയാണ് ഇപ്പോഴത്തെ പ്രശ്നം. ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, ചുമ്മാപനി എന്നിങ്ങനെ പനികൾ പലവിധം. ജനം ആകെ ഇളകിയിരിക്കയാണ്. പ്രതിപക്ഷം ഈ അവസരം നന്നായി വിനിയോഗിക്കുന്നുമുണ്ട്. മന്ത്രി രാജിവെയ്ക്കണമെന്നാണ് അവർ പറയുന്നത്. മന്ത്രി രാജി വെച്ചാൽ പനി മാറുമെങ്കിൽ ആ വഴിക്കും ചിന്തിക്കാവുന്നതാണ്.

സ്വാശ്രയ കോളേജുകൾ തങ്ങൾക്കു ബോധിച്ച വിധത്തിൽ അഡ്മിഷൻ നടത്തുകയും ഫീസ് വാങ്ങുകയും ചെയ്യും എന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിനെതിരെ എസ്.എഫ്.ഐ സമരം ചെയ്യും എന്നതിനും സംശയമില്ല. അങ്ങനെ ഇക്കൊല്ലവും സമരകോലാഹലമുണ്ടാകുമെന്ന് ഉറപ്പായി. സമരം ഏത് അതിരുവരെ പോകുമെന്നു മാത്രമേ ഇനി അറിയാനുള്ളൂ.

വി.എസ്. ഇനിയും മാധ്യമവലയിൽ കുരുങ്ങരുത്, പാർട്ടിക്ക് വിധേയപ്പെടണം എന്ന് റസ്സൽ ക്രൈസ്തവചിന്തയിൽ എഴുതിയിരിക്കുന്നു. മാധ്യമവലയിൽ ഇനിയും കുരുങ്ങണോ വേണ്ടയോ എന്ന് ചിന്തിച്ച് വിഷമിച്ചിരുന്ന വി.എസ്സിന് ഇനി ധൈര്യമായി തീരുമാനമെടുക്കാം. റസ്സൽ പറഞ്ഞാൽ അതിന് അപ്പീലില്ല. അതുകൊണ്ട് വി.എസ്സ് മാധ്യമങ്ങളോട് ഇനി മിണ്ടരുത്. പാർട്ടിക്ക് വിധേയപ്പെടുകയും വേണം. (ഒരു സംശയം: മാധ്യമവലയിൽ കുടുങ്ങിക്കളയാം എന്ന് വി.എസ്സ് തീരുമാനമെടുത്ത് കുടുങ്ങുകയായിരുന്നോ ഇതുവരെ?)

സകലമാന പെന്തക്കോസ്ത് നേതാക്കൻമാരും അമേരിക്കയിലേക്ക് പോയിട്ടും ശാരോൻ നേതാക്കൻമാരായ ടി.ജി.കോശിയും ടി.പി.ഏബ്രഹാമും എന്തുകൊണ്ട് അമേരിക്കയ്ക്ക് പോയില്ല? എല്ലാ കൊല്ലവും പതിവായി ഇവർ മെയ്-ജൂൺ മാസങ്ങളിൽ അമേരിക്കൻ പര്യടനം നടത്തിയിരുന്നു. പക്ഷേ ഇക്കൊല്ലം ആ പതിവ് തെറ്റിച്ചിരിക്കുന്നു. രണ്ടു പേരും സ്ഥലത്തുണ്ട്. എന്താണാവോ ഇതിന്റെ ഗുട്ടൻസ്?

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

ടി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.ടി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# ജെ.സി.ദേവ് വീണ്ടും പരിശുദ്ധാത്മാവിന്റെ പിന്നാലെ

പരിശുദ്ധാത്മാവിനെ വിറ്റ് 30 വർഷം പായസം കുടിച്ചതിന്റെ മന:സാക്ഷിക്കുത്ത് ദേവിനെ വിട്ടുമാറുന്നില്ല. പരിശുദ്ധാത്മാവിനോട് അമിത സ്നേഹം കാണിച്ച് സ്വയം ആശ്വസിക്കാനുള്ള ശ്രമത്തിലാണ് ദേവ് ഇപ്പോൾ. ''പരിശുദ്ധാത്മാവ്: പരമാധികാരവും പ്രവർത്തന സ്വാതന്ത്ര്യവും'' എന്ന പേരിൽ ഒരു പുസ്തകം എഴുതി പ്രായശ്ചിത്തം ചെയ്യാനാണ് ദേവിന്റെ പദ്ധതി. പക്ഷേ പരിശുദ്ധാത്മാവിനോട് ചെയ്ത പാപം ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ക്ഷമിക്കപ്പെടുകയില്ല എന്ന് ദൈവവചനം വ്യക്തമാക്കുന്നുണ്ട്.

ദേവിന്റെ പുസ്തകത്തിന്റെ പേരുതന്നെ ദുരൂഹതയുളവാക്കുന്നു. പരമാധികാരം എന്നതുകൊണ്ട് പരിശുദ്ധാത്മാവിന്റെ പരമാധികാരത്തെയാണോ ദേവ് അർത്ഥമാക്കുന്നത്? അങ്ങനെയാണെങ്കിൽ അതേപ്പറ്റി കൂടുതലൊന്നും എഴുതേണ്ട ആവശ്യമില്ല. ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവ് പിതാവിനേപ്പോലെയും പുത്രനേപ്പോലെയും പരമാധികാരമുള്ളവനാണ്. ഈ വസ്തുത ത്രിത്വത്തിൽ വിശ്വസിക്കുന്ന ഏവരും അംഗീകരിക്കും. പെന്തക്കോസ്തുകാർക്കും ബ്രദറുകാർക്കും ഈ വിഷയത്തിൽ സംശയമില്ല. അതുകൊണ്ട് ദേവ് ഈ വിഷയത്തിന് തെളിവ് തേടി അലയേണ്ടതില്ല.

പ്രവർത്തന സ്വാതന്ത്ര്യം എന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തന സ്വാതന്ത്രമാണോ? ആണെങ്കിൽ അതും മേല്പറഞ്ഞതുപോലെ ത്രിത്വത്തിൽ വിശ്വസിക്കുന്ന ഏവരും അംഗീകരിക്കുന്ന കാര്യമാണ്.

പരമാധികാരവും പ്രവർത്തനസ്വാതന്ത്ര്യവും മനുഷ്യരോടുള്ള ബന്ധത്തിലാണോ പരിഗണിക്കുന്നത്? ആണെങ്കിൽ പരിശുദ്ധാത്മാവ് എന്ന് ആദ്യം പറയുന്നത് തെറ്റിദ്ധാരണ പരത്തും. മാത്രമല്ല ദൈവത്തിനല്ലാതെ മനുഷ്യന് പരമാധികാരമില്ല. മനുഷ്യന് ഒരളവുവരെ പ്രവർത്തന സ്വാതന്ത്ര്യമുണ്ടുതാനും. ഇങ്ങനെ മോരും മുതിരയും പോലെ തമ്മിൽ യോജിക്കാത്ത വാക്കുകൾ പുസ്തകത്തിന്റെ പേരായി കൊടുത്തിരിക്കുന്നതുതന്നെ ദേവിന്റെ വിവരക്കേട് വെളിവാക്കുന്നു.

ഈ പുസ്തകം പുറത്തുവന്നാൽ ബ്രദറുകാരും പെന്തക്കോസ്തുകാരും തമ്മിലുള്ള പ്രശ്നം തീരുമെന്ന് ദേവ് പറയുന്നു. അതെങ്ങനെ നടക്കുമെന്ന് ഒരു പിടിയും കിട്ടുന്നില്ല. ദേവിന്റെ പുസ്തകം ആരുടെ നിലപാടാണ് ശരിവെയ്ക്കുക. ബ്രദറുകാർ പറയുന്നതാണ് ശരി എന്നു പറഞ്ഞാൽ പെന്തക്കോസ്തുകാർ അംഗീകരിക്കുമോ? പെന്തക്കോസ്തുകാർ പറയുന്നതാണ് ശരി എന്ന് ദേവ് പറഞ്ഞാൽ ബ്രദറുകാർ അംഗീകരിക്കുമോ? ദേവിന്റെ യഥാർത്ഥ ലക്ഷ്യം ഇതൊന്നുമല്ല. താൻ ബ്രദറൻ സഭ വിട്ടത് പരിശുദ്ധാത്മാവിനോടുള്ള സ്നേഹം മൂലമാണെന്ന് വരുത്തിത്തീർത്ത് പെന്തക്കോസ്തുകാരുടെ കൈയ്യടി വാങ്ങുക. അതോടെ ദേവിന് പെന്തക്കോസ്തിൽ സ്വീകാര്യത ലഭിക്കും. ഇതാണ് ദേവിന്റെ സ്വപ്നം.

ദേവ് തന്റെ നിലപാടുകൾ തെളിയിക്കാൻ ദൈവവചനത്തേയല്ല അനുഭവത്തെയാണ് ആശ്രയിക്കാൻ പോകുന്നത്. അരുളപ്പൻ ഐതിഹ്യം മുതൽ അന്യഭാഷ, രോഗശാന്തി, അത്ഭുതം, അടയാളം തുടങ്ങിയ എല്ലാ സംഭവങ്ങളേക്കുറിച്ചുമുള്ള സാക്ഷ്യങ്ങളും റിപ്പോർട്ടുകളും ദേവ് വിശ്വാസികളിൽ നിന്ന് ക്ഷണിക്കുന്നു. ഉപദേശം സ്ഥാപിക്കുന്നത് അനുഭവം വെച്ചല്ല വേദപുസ്തകം ഉപയോഗിച്ചാണ് എന്ന് ഈ വിഡ്ഢി ഇതുവരെ മനസ്സിലാക്കിയിട്ടില്ല.

അനുഭവത്തിൽ ആശ്രയിച്ച് സിദ്ധാന്തം ഉണ്ടാക്കാനാണ് ദേവിന്റെ ശ്രമമെങ്കിൽ ശബരിമലയിലും ചോറ്റാനിക്കരയിലും വേളാങ്കണ്ണിയിലും മറ്റും നടക്കുന്ന അത്ഭുതങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാ മതക്കാർക്കും സ്വീകാര്യമായ ഒരു സിദ്ധാന്തം ഉണ്ടാക്കിയാൽ മതമൈത്രിക്ക് അത് ഏറെ പ്രയോജനം ചെയ്യും.




# ഇത് ബോറാണ് ബാബു ജോർജ്ജേ

റാന്നിയിലെ ബാബു ജോർജ് എന്ന റവയേക്കുറിച്ച് പത്രങ്ങളിലും നോട്ടീസുകളിലും മറ്റും റവ.ഡോ.ബാബു ജോർജ് എന്ന് നിരന്തരം കാണുമ്പോൾ അറപ്പും വെറുപ്പും തോന്നുന്നു. പത്താംക്ലാസ് പോലും പാസ്സാകാത്ത ഒരു ശുംഭനാണ് ഇയാൾ എന്ന് ഇയാൾക്കും മാലോകർക്കും അറിയാം. എന്നിട്ടും അല്പം പോലും നാണമില്ലാതെ ഇങ്ങനെ ഡോയുമായി നടക്കണമെങ്കിൽ അസാമാന്യ തൊലിക്കട്ടി വേണം.

ബാബു ജോർജിനോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ഡോ എന്ന് പേരിന് മുൻപിൽ എഴുതി കാണാൻ അത്ര വലിയ കൊതിയുണ്ടെങ്കിൽ ഇദ്ദേഹം ആ പത്താംക്ലാസ്സെങ്കിലും ഒന്ന് എഴുതിയെടുക്ക്. അതു കഴിഞ്ഞിട്ടാകട്ടേ ഡോയുമായി വിലസുന്നത്.

# കുട്ടപ്പൻ ഇപ്പോഴും ത്രിശങ്കുവിൽ തന്നെ

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ എറണാകുളം സെന്റർ പാസ്റ്ററായ റവറണ്ട് കുട്ടപ്പൻ ഇപ്പോഴും ത്രിശങ്കുവിൽ തന്നെ. തൈക്കൂട്ടത്ത് സ്ഥലംമാറ്റ ഉത്തരവ് വായിക്കയും ചെയ്തു. ആലുവായിൽ കയറിപ്പറ്റാൻ കഴിഞ്ഞിട്ടുമില്ല.

വിശ്വാസികളെ പറഞ്ഞു മയക്കി കുട്ടപ്പനെ എങ്ങനെയെങ്കിലും ആലുവായിൽ ആക്കാൻ ടി.പി.ഏബ്രഹാം പതിനെട്ടടവും പയറ്റിയെങ്കിലും എല്ലാം നിഷ്ഫലമായി. ടി.പിയുടെ നാക്കിന്റെ ശൗര്യം പണ്ടേപ്പോലെ ഫലിച്ചില്ല.

കൂനിൻമേൽ കുരു എന്നതുപോലെ ആലുവയിൽ കെ.ജി.മാത്യു (പുനലൂർ) ചാർജ് എടുക്കുകയും ചെയ്തു. ഇനി കുട്ടപ്പനെ ആലുവയിൽ കയറ്റാൻ അത്ര എളുപ്പമല്ലെന്ന് വ്യക്തം. അതുകൊണ്ട് അമേരിക്കയ്ക്ക് ഒരു വിസ സംഘടിപ്പിച്ച് കുട്ടപ്പനെ നാടുകടത്താനാണ് ടി.പി. ഇപ്പോൾ ശ്രമിക്കുന്നത്. കുട്ടപ്പനും ഇത് സമ്മതമാണ്.

# മത്തായിക്കുട്ടി സുഖമായിരിക്കുന്നു

പ്രകൃതിവിരുദ്ധനായ മത്തായിക്കുട്ടി പുല്ലാട്ട് സുഖമായിരിക്കുന്നു. ടി.ജെ.ശാമുവൽ ഈ നീചനെതിരെ ഒരു നടപടിയും എടുത്തിട്ടില്ല. അളിയനായ കെ.എ.ഏബ്രഹാം പ്രതികരിച്ചിട്ടുമില്ല. പക്ഷേ ഡിഫെൻഡറിന് ഈ ഗുരുതരമായ പ്രശ്നം വിട്ടുകളയാനാവില്ലല്ലോ. കളളപ്രവചനവുമായി നടന്ന് ഇയാൾ ഇനി ആരേയും പാപത്തിൽ വീഴ്ത്തരുത്.

പ്രശ്നം ലോകജാതികൾ അറിയാതെ പരിഹരിക്കാൻ ഡിഫെൻഡർ പരമാവധി ശ്രമിച്ചു. പക്ഷേ വേണ്ടപ്പെട്ടവർ സഹകരിച്ചില്ല. അതുകൊണ്ട് ഈ വിഷയം ഡിഫെൻഡർ പുല്ലാട്ടും പരിസരത്തുമുള്ള പൊതുജനങ്ങളെ അറിയിക്കാൻ തീരുമാനിച്ചിരിക്കയാണ്. മത്തായിക്കുട്ടിയുടെ വീരകൃത്യങ്ങൾ വിവരിച്ച് പത്രം ഇറക്കി ഇയാൾ ശുശ്രൂഷിക്കുന്ന പ്രദേശത്ത് വിതരണം നടത്താനാണ് പദ്ധതി. തങ്ങളുടെ ദേശത്ത് ഉപദേശിപ്പണി ചെയ്യുന്നവൻ ഇത്തരക്കാരനാണെന്ന് പൊതുജനമറിഞ്ഞാൽ അവർ ഇയാളെ കൈകാര്യം ചെയ്തുകൊള്ളും.

# ജോസഫ് താന്നിക്കൽ പ്രതികരിക്കുന്നു

ജോസഫ് താന്നിക്കൽ വീണ്ടും പ്രതികരിക്കുന്നു. പതിവുപോലെ ഇത്തവണയും പെന്തക്കോസ്തിലെ സാമ്പത്തിക വെട്ടിപ്പിനെതിരേയാണ് താന്നിക്കൽ എഴുതുന്നത്. ''ഒരു മുന്നറിയിപ്പ്'' എന്ന പേരിൽ മെയ് അവസാന ആഴ്ചയിലാണ് നാലുപേജുള്ള ലഘുലേഖ താന്നിക്കൽ പ്രസിദ്ധീകരിച്ചത്.

ലഘുലേഖയിലെ പ്രധാന വാചകങ്ങൾ ഇവയാണ്:

സ്വദേശത്തും വിദേശത്തുമുള്ള ജനങ്ങളോട് വ്യാജം പറഞ്ഞ് ചില നേതാക്കൻമാർ പണം തട്ടിയെടുക്കുന്നു. പണം കൊണ്ട് ജനങ്ങളെ അടിമകളാക്കുന്നു. ജനങ്ങളെ അടിമകളാക്കുന്നതിന് വചനം ദുർവ്യാഖ്യാനം ചെയ്യുന്നു.

(താന്നിക്കൽ പറഞ്ഞത് തികച്ചും ശരിയാണ്. പക്ഷേ ഈ തോന്ന്യാസങ്ങൾ കാണിക്കുന്ന നീചൻമാരുടെ പേരുകൾ കൂടി പറഞ്ഞിരുന്നെങ്കിൽ കെ.സി.ജോൺ, വൽസൺ, ടി.ജി.കോശി, തങ്കു തുടങ്ങിയ കള്ളൻമാരെ തിരിച്ചറിയാൻ ജനത്തിന് എളുപ്പമായേനേം).

സ്വകാര്യ സാധ്യതകൾക്കായി മുൻകേന്ദ്രനും നവകേന്ദ്രനും വിഷസർപ്പങ്ങളെ പാലൂട്ടി വളർത്തി കാര്യം സാധിച്ചു. ഇപ്പോൾ സർപ്പങ്ങൾ തിരിഞ്ഞു കടിക്കുന്നു. സഭകൾ തകരുന്നു.

(തികച്ചും ശരിയാണ് സാറേ. പക്ഷേ മുൻകേന്ദ്രൻ എന്നതിനു പകരം ടി.എസ്.ഏബ്രഹാം എന്നും നവകേന്ദ്രൻ എന്നതിനു പകരം കെ.സി.ജോൺ എന്നും എഴുതിയിരുന്നെങ്കിൽ നന്നായിരുന്നു)

ബൈബിൾ കോളേജ് തുടങ്ങി പണം വാരിക്കൂട്ടി വോട്ട്ബാങ്ക് സൃഷ്ടിക്കുന്നു.

(ഇതും ശരിതന്നെ. പെന്തക്കോസ്തിലെ ഭൂരിപക്ഷം നേതാക്കൻമാരും ഈ കാര്യത്തിൽ കുറ്റക്കാരാണ്).

ശുശ്രൂഷകൻമാരുടെ സ്ഥലംമാറ്റം ധാരണപ്രകാരം നിർബ്ബന്ധമാക്കണം. നൻമലഭിക്കാൻ എല്ലാ നല്ല ശുശ്രൂഷകൻമാർക്കും അവസരം ലഭിക്കണം.

(നിർദ്ദേശം നല്ലതുതന്നെ. പക്ഷേ ഏട്ടിലെ പശു പുല്ല് തിന്നുകയില്ല. സംശയമുണ്ടെങ്കിൽ ജനറൽ പ്രസിഡന്റിനേയും സ്റ്റേറ്റ് സെക്രട്ടറിയേയും സ്ഥലം മാറ്റാൻ ശ്രമിച്ചുനോക്കൂ).

ശണ്ഠയിടുന്ന സഭാംഗങ്ങളെ ശാന്തരാക്കാൻ സാക്ഷ്യമുള്ള ശുശ്രൂഷകൻമാർ ശുശ്രൂഷിക്കണം. സഭ വളരും.

(സംഗതി കൊള്ളാം. പക്ഷേ സാക്ഷ്യമുള്ള ശുശ്രൂഷകൻ എന്ന ഈ അത്യപൂർവ്വ ജീവിയെ എവിടെ കണ്ടുകിട്ടും?)

കേന്ദ്ര സെക്രട്ടറിക്കും സ്റ്റേറ്റ് സെക്രട്ടറിക്കും മാസികയും ബൈബിൾ കോളേജുമുണ്ട്. സഭയ്ക്ക് ഇതൊന്നുമില്ല. ജനം ഉണരട്ടെ.

(നടപ്പില്ല സാറേ, ജനം ഉണരില്ല. അതിനുള്ള വിവരം പെന്തക്കോസ്തുകാർക്കില്ല. ഈ സെക്രട്ടറിമാർ ദൈവദാസൻമാരാണെന്നും അവരെ വിമർശിച്ചാൽ നരകത്തിൽ പോകുമെന്നും ധരിച്ചു വെച്ചിരിക്കുന്നവരെ ഉണർത്തുക എളുപ്പമല്ല).

സെന്റർ പാസ്റ്റർമാർക്കും സ്ഥലംമാറ്റം വേണം. പത്തു വർഷത്തിൽ കൂടുതൽ ഒരു സെന്ററിൽ ഇരുത്തരുത്.

(സാറ് വെറുതെ തമാശ പറയാതെ...)

പ്ലസ് ടു എങ്കിലും ഉളളവരെ മാത്രമേ ബൈബിൾ കോളേജിൽ എടുക്കാവൂ.

(കാര്യമറിയാതെ സാർ ഇങ്ങനെയൊക്കെ പറയാൻ തുടങ്ങിയാൽ എന്തുചെയ്യും. പത്താംക്ലാസ്സിൽ തോൽക്കുക എന്നതാണ് ദൈവവിളി ഉറപ്പിക്കാനുള്ള ഒറ്റമൂലി എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? പ്ലസ് ടുവിന് തോൽക്കുമ്പോൾ വിളി തിരിച്ചറിയുന്നവരുമുണ്ട്)

ഇങ്ങനെ ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത ഒട്ടേറെ നിർദ്ദേശങ്ങൾ താന്നിക്കൽ ഈ ലഘുലേഖയിൽ മുൻപോട്ടു വെയ്ക്കുന്നുണ്ട്. ഇതിൽ അൻപതു ശതമാനമെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞാൽ പെന്തക്കോസ്ത് നന്നാകും.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും താന്നിക്കൽ സാറിനോട് ഡിഫെൻഡറിന് അല്പം വിയോജിപ്പുണ്ട്. പണപ്രശ്നത്തേക്കുറിച്ചു മാത്രമേ സാർ പറയുന്നുള്ളൂ. ഇതു മാത്രമല്ലല്ലോ പെന്തക്കോസ്തിലെ പ്രശ്നം. മറ്റുളളവ സാർ എന്തുകൊണ്ട് കണ്ടില്ലെന്ന് നടിക്കുന്നു?

ഉദാഹരണത്തിന് ദുർന്നടപ്പ് പ്രശ്നം. വ്യഭിചാരം മുതൽ പ്രകൃതിവിരുദ്ധ ബന്ധം വരെയുള്ള പാപങ്ങളിൽ മുഴുകി ജീവിക്കുന്നവരാണ് ചില സഭാനേതാക്കൻമാരും പാസ്റ്റർമാരും. ഇതൊക്കെ സാറിന് അറിവുള്ള കാര്യങ്ങളുമാണ്. എന്നിട്ടും നാളിതുവരെ സാർ ഇത്തരം ഹീനകൃത്യങ്ങൾക്കെതിരെ പ്രതികരിച്ചു കണ്ടിട്ടില്ല. ഇവയൊന്നും പാപങ്ങളല്ല എന്നാണോ സാർ കരുതുന്നത്? അതോ ഇങ്ങനെയൊന്നും പെന്തക്കോസ്തിൽ നടക്കുന്നില്ല എന്നാണോ വാദം? സാറിന്റെ നിലപാട് അറിയാൻ ഡിഫെൻഡറിന് താല്പര്യമുണ്ട്.

അടുത്ത കാലത്തായി പെന്തക്കോസ്തിൽ കൊടിയ ദുരുപദേശങ്ങൾ കടന്നു കൂടുന്നുണ്ട്. സമൃദ്ധിയുടെ സുവിശേഷം, ഊതിവീഴ്ത്ത്, വ്യാജരോഗശാന്തി തുടങ്ങിയവ ഉദാഹരണം. ഇവയ്ക്കെതിരെ താന്നിക്കൽ സാറിനേപ്പോലുളളവർ പ്രതികരിച്ചാൽ ഫലമുണ്ടാകും. (കാനം അച്ചൻ ഇവയ്ക്കെതിരെ പ്രതികരിക്കുന്നത് ശ്രദ്ധിക്കുക). പക്ഷേ സാർ ഒരിക്കലും ഇത്തരം കാര്യങ്ങളേക്കുറിച്ച് മിണ്ടിയിട്ടില്ല. ഇവയും ഗൗരവമുളളവയല്ല എന്നാണോ സാർ പറയുന്നത്?

പെന്തക്കോസ്തിലെ സാമ്പത്തിക വെട്ടിപ്പ് ഗുരുതരമായ പ്രശ്നമാണ് എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. അതുപോലെതന്നെ ഗൗരവമുള്ള വിഷയങ്ങളാണ് ദുർന്നടപ്പും ദുരുപദേശവും. പണപ്രശ്നം മാത്രമേ പെന്തക്കോസ്തിലുള്ളൂ എന്നും പണപ്രശ്നം തീർന്നാൽ പെന്തക്കോസ്ത് നന്നാകുമെന്നും ഉള്ള തോന്നലാണ് സാറിന്റെ എഴുത്തുകൾ വായിക്കുമ്പോൾ ഉണ്ടാകുന്നത്. ഇത് ശരിയായ നിലപാടല്ല. സാമ്പത്തിക പ്രശ്നം തീർന്നാലും ദുർന്നടപ്പ്, ദുരുപദേശം തുടങ്ങിയവ കൂടി തീരാതെ പെന്തക്കോസ്ത് നന്നാകുകയില്ല.

# അന്ധൻമാരായ വഴികാട്ടികൾ

വഴികാട്ടി ആകാനുള്ള കുറഞ്ഞ യോഗ്യതയെന്ത്? വഴി അറിയണം എന്നതുതന്നെ. വഴി അറിയാമെങ്കിലും കാഴ്ചശക്തി ഇല്ലെങ്കിൽ നല്ല വഴികാട്ടിയാകാൻ ബുദ്ധിമുട്ടാണ്. കുരുടൻ കുരുടനെ വഴി കാട്ടിയാൽ രണ്ടുപേരും കുഴിയിൽ വീഴും. പെന്തക്കോസ്തിലെ സ്ഥിതി ഇപ്പോൾ ഇതാണ്. ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ അജ്ഞതയുടെ തിമിരം ബാധിച്ച വിശ്വാസികളെ വഴി നടത്തുന്നു.

ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, ടി.ജി.കോശി, ടി.പി.ഏബ്രഹാം, ടി.ജെ.ശാമുവൽ തുടങ്ങിയവരൊക്കെ പെന്തക്കോസ്തിലെ നേതാക്കൻമാരാണ്. വഴികാട്ടികളുമാണ്. പക്ഷേ ഇവർക്ക് വഴി അറിഞ്ഞുകൂടെന്ന് മാത്രമല്ല കാഴ്ചശക്തിയുമില്ല. അതുകൊണ്ട് മുൻപിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ കാണാൻ കഴിയുന്നുമില്ല.

പെന്തക്കോസ്തിലെ ആദികാല നേതാക്കന്മാർക്ക് കാഴ്ചയുണ്ടായിരുന്നു. കാഴ്ചപ്പാടുമുണ്ടായിരുന്നു. ദൈവം ശില്പിയായി നിർമ്മിച്ച ആ മനോഹര നഗരമായിരുന്നു അവരുടെ ലക്ഷ്യം. ദു:ഖത്തിന്റെ പാനപാത്രം കൈയ്യിലേന്തി ഈ സീയോൻ സഞ്ചാരികൾ യാത്ര ചെയ്തിരുന്നു. ഉപദേശ വിശുദ്ധിയും ജീവിത വിശുദ്ധിയും അവർ കാത്തുസൂക്ഷിച്ചിരുന്നു. തിരുവചന സത്യങ്ങളുടെ സംരക്ഷണത്തിനായി പോരാടുവാൻ അവർ സദാ സന്നദ്ധരുമായിരുന്നു.

ആത്മീയ തീക്ഷണത മൂലം അവർക്ക് കുറെ അബദ്ധങ്ങൾ പറ്റിയെന്നു പറയാതെ വയ്യ. മരുന്നു കഴിക്കുന്നത് പാപമാണെന്ന പഠിപ്പിക്കൽ തന്നെ നല്ല ഉദാഹരണം. അനാവശ്യ ആഡംബരങ്ങൾ ഒഴിവാക്കുന്നത് നല്ലതാണെങ്കിലും ആഭരണ വിഷയത്തിൽ അവർ എടുത്ത നിലപാടും ശരിയായിരുന്നില്ല. ഇത്തരത്തിലുള്ള ചില അബദ്ധ സിദ്ധാന്തങ്ങൾ അവർ പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും അക്കാലത്തെ നേതാക്കന്മാരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാനാവില്ല.

പെന്തക്കോസ്ത് ഉപദേശങ്ങളുടെ പ്രചരണത്തിനായി നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് രചിക്കപ്പെട്ടു. അവയിൽ ഭൂരിപക്ഷവും ഇന്നും പ്രസക്തമാണ്. ദുരുപദേശങ്ങൾക്ക് എതിരെ പോരാടുകയെന്നത് തങ്ങളുടെ ശുശ്രൂഷയുടെ ഭാഗമായി അക്കാലത്തെ പെന്തക്കോസ്തു നേതാക്കന്മാർ പരിഗണിക്കയും ചെയ്തു. ഈ ഉദ്ദേശ്യത്തോടുകൂടെ ചില മാസികകളും ഇവർ പ്രസിദ്ധീകരിച്ചിരുന്നു. ദൈവ ജനത്തെ ശരിയായ വഴിയിൽ നയിക്കുന്നതിന് ഇത്തരം പ്രസിദ്ധീകരണങ്ങൾ ഏറെ സഹായകമായി.

എന്നാൽ ഇന്നത്തെ സ്ഥിതിയെന്ത്? തികച്ചും നിഷ്പക്ഷമായി വിലയിരുത്തി നോക്കൂ. ഡിഫെൻഡർ ഒഴികെ ഏതെങ്കിലും പത്രമോ മാസികയോ വിശ്വാസ സംരക്ഷണത്തിനായി പോരാടുന്നുണ്ടോ? ഏതെങ്കിലും പെന്തക്കോസ്തു നേതാവ് വിശ്വാസ സംരക്ഷണത്തിനായി എന്തെങ്കിലും ചെയ്യുന്നുണ്ടോ? കഴിഞ്ഞ അഞ്ചുവർഷത്തെ ചരിത്രം ഉദാഹരണമായി എടുത്തു പരിശോധിക്കുക. വിഷയത്തിന്റെ ഗൗരവം അപ്പോൾ മനസ്സിലാകും.

ആത്മീയ ഗ്രന്ഥങ്ങളുടെ ഒരു വേലിയേറ്റം തന്നെ അടുത്ത കാലത്തുണ്ടായി. അവയിൽ എത്രയെണ്ണം നേതാക്കന്മാരുടെ വകയായിട്ടുണ്ട്? പെന്തക്കോസ്തിലെ അറിയപ്പെടുന്ന നേതാക്കളിൽ എത്ര പേർ ഈ കാലയളവിൽ പുസ്തകങ്ങൾ എഴുതി.

പെന്തക്കോസ്തിൽ പത്രങ്ങൾക്കും മാസികകൾക്കും പഞ്ഞമില്ല. എഴുത്തുകാരും വേണ്ടതിൽ അധികമുണ്ട്. പക്ഷേ, പെന്തക്കോസ്തിലെ നേതാക്കന്മാർ എഴുതുകയില്ല. അതിനൊന്നും അവർക്ക് സമയവുമില്ല. എഴുതിയാൽത്തന്നെ അതിൽ കഴമ്പൊന്നും ഉണ്ടായിരിക്കയുമില്ല.

കൺവെൻഷൻ സീസണിൽ നേതാക്കന്മാർ എല്ലാം നാട്ടിലുണ്ടാകും. ഓടിനടന്നു പ്രസംഗിക്കും. ശരിക്കും ഷൈൻ ചെയ്യും. അതിനിടയിൽ സഭാഭരണവും നടത്തും. മഴക്കാലം ആരംഭിക്കുന്നതോടെ പെന്തക്കോസ്ത് നേതാക്കന്മാർ സ്ഥലം വിടും. തുടർന്നുള്ള ആറു മാസം ഇവർ വിദേശത്തായിരിക്കും. ഇക്കൊല്ലവും അവർ പതിവ് തെറ്റിച്ചിട്ടില്ല. “നമുക്കും കിട്ടണം പണം” എന്ന ഏക ലക്ഷ്യമേ ഇവർക്കുള്ളൂ. കിട്ടുന്ന പണമെല്ലാം ഇവർ തങ്ങളുടെ സ്വകാര്യ ട്രസ്റ്റിന്റെ വകയാക്കും. ദൈവമക്കളേയും സർക്കാരിനേയും അതിമനോ ഹരമായി കബളിപ്പിക്കും.

പെന്തക്കോസ്തിലെ ഭൂരിപക്ഷം നേതാക്കന്മാരും സദാചാരമൂല്യങ്ങൾക്ക് വില കല്പിക്കാറില്ല. ദുർന്നടപ്പ് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് മറ്റുള്ളവരുടെ ദുർന്നടപ്പിനെതിരെ പ്രതികരിക്കാൻ ഇവർക്ക് ധൈര്യം ഉണ്ടാകാറില്ല. വ്യഭിചാരം, പ്രകൃതി വിരുദ്ധ ലൈംഗികബന്ധം, കള്ള പ്രവചനം, സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയതൊക്കെ സ്ഥിരം തൊഴിലാക്കിയ പെന്തക്കോസ്ത് നേതാക്കൻമാർക്ക് ഇത്തരം പാപങ്ങൾക്കെതിരെ ഒന്നും ചെയ്യാനാവില്ല. മാത്രമല്ല, ഇതിനെതിരെ ആരെങ്കിലും പ്രതികരിച്ചാൽ ഈ നേതാക്കൻമാർ പിശാചുക്കളായി മാറും. എതിർക്കുന്നവന്റെ വായടയ്ക്കാൻ ഇവർ എന്തു വഴിയും സ്വീകരിക്കും.

ദൈവദാസൻമാരുടെ വേഷത്തിൽ സഭയിൽ കടന്നുകൂടിയിരിക്കുന്ന സാത്താന്റെ ദാസൻമാരെ തിരിച്ചറിയാനോ ദൈവജനത്തിന് മുന്നറിയിപ്പ് കൊടുക്കാനോ പെന്തക്കോസ്ത് നേതാക്കൻമാർക്ക് കഴിയുന്നില്ല. അതുകൊണ്ട് സുരേഷ് ബാബു, സാമച്ചൻ, എം.എ.വർഗീസ്, തങ്കു തുടങ്ങിയവരൊക്കെ ദൈവദാസൻമാരായി വിലസുകയാണ്. ഇവർ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങൾ കേട്ട് ദൈവമക്കൾ വഴി തെറ്റുന്നു. അദ്ധ്വാനിച്ചുണ്ടാക്കിയ പണം ഈ കള്ളൻമാർക്ക് കൊടുക്കുന്നു. ഇതെല്ലാം കണ്ട് സാത്താൻ സന്തോഷിച്ച് ആർത്തു വിളിക്കുന്നു.

പ്രാദേശിക സഭകളെ സംഘടിപ്പിച്ച് തിരുവചനവിരുദ്ധമായി സംഘടനകൾ കെട്ടിപ്പടുക്കുന്നതിന്റെ പരിണിത ഫലങ്ങളാണിതൊക്കെ. സംഘടനകളെ സഭകളായി ജനം തെറ്റിദ്ധരിച്ചു. സംഘടനകളുടെ നേതാക്കന്മാരെ ദൈവദാസന്മാരായി പരിഗണിച്ചു. അങ്ങനെയാണ് ഈ പ്രശ്നങ്ങളൊക്കെയുണ്ടായത്.

ഈ നേതാക്കന്മാർ ദൈവദാസന്മാർ അല്ലെന്നും ഈ സംഘടനകൾ ദൈവസഭയല്ലെന്നും മനസ്സിലാക്കാൻ ദൈവമക്കൾക്ക് കഴിഞ്ഞാൽ പരിഹരിക്കാവുന്ന പ്രശ്നമേ ഇവിടെയുള്ളൂ. പക്ഷേ ആത്മീയ അന്ധത ബാധിച്ച നേതാക്കന്മാർ സത്യവെളിച്ചം കാണുന്നില്ല. സംഘടനാ സ്പിരിറ്റിന്റെ പിടിയിൽ അമർന്ന വിശ്വാസികൾ സത്യം കണ്ടെത്താൻ ശ്രമിക്കുന്നുമില്ല. അങ്ങനെ നേതാക്കന്മാരും വിശ്വാസികളും ഒന്നുപോലെ നാശത്തിലേക്ക് നീങ്ങും.

എന്താണ് ഒരു പോംവഴി? ഉത്തരം ലളിതം. ദൈവജനം ബൈബിളിലേക്ക് മടങ്ങുക. തിരുവെഴുത്ത് എന്തു പറയുന്നു എന്ന് പരിശോധിക്കുക. വചനത്തിൽ ആധാരമല്ലാത്ത എല്ലാ ഉപദേശങ്ങളും തള്ളിക്കളയുക. സംഘടനാ സ്പിരിറ്റ് ഉപേക്ഷിക്കുക. സഭകൾ എന്ന പേരിലറിയപ്പെടുന്ന സംഘടനകൾ ദൈവീകമല്ല എന്ന സത്യം തിരിച്ചറിയുക. ഈ സംഘ ടനകളുടെ നേതാക്കന്മാർക്ക് ദൈവം കൊടുത്ത അധികാരമില്ലെന്നും മനസ്സിലാക്കുക. ദൈവവേലയ്ക്കുള്ള പണം ഈ കള്ളന്മാരെ ഏല്പിക്കുന്നത് നിർത്തുക. ഇത്രയുമൊക്കെ ചെയ്താൽ പെന്തക്കോസ്തിലെ പ്രശ്നങ്ങളിൽ ഭൂരിപക്ഷത്തിനും പരിഹാരമുണ്ടാകും. പക്ഷേ എത്രപേർ അതിന് തയ്യാറാകും?

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവായ മത്തായിക്കുട്ടി പ്രകൃതിവിരുദ്ധനാണെന്ന കാരണം പറഞ്ഞ് കെ.എ.ഏബ്രഹാമിനെ വിമർശിക്കുന്നത് ശരിയാണോ?

■ അല്പം വിശദമായി മറുപടി പറയേണ്ട കാര്യമാണിത്. അതുകൊണ്ട് അല്പം മുഖവുരയോടെ തുടങ്ങാം.

അദ്ധ്യക്ഷസ്ഥാനം ഏൽക്കുന്ന വ്യക്തി നിരപവാദ്യനും സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ അനുസരണത്തിൽ പാലിക്കുന്നവനും മറ്റും ആയിരിക്കണം എന്ന് ദൈവവചനം പറയുന്നു. പാസ്റ്ററുടെ ഭാര്യയോ മകനോ മകളോ ദുർന്നടപ്പുകാരാണെങ്കിൽ പാസ്റ്റർക്ക് ശരിയായ വിധത്തിൽ ശുശ്രൂഷ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകും.

ഭാര്യയോ മകനോ മകളോ ചെയ്ത തെറ്റിന് പാസ്റ്ററെ ശിക്ഷിക്കുന്നത് ശരിയാണോ? അല്ലെന്ന് സമ്മതിക്കേണ്ടതായി വരുന്നു. കാരണം പാസ്റ്ററുടെ ഭാര്യയും മകനും മകളും സ്വതന്ത്ര മനുഷ്യരാണ്. ഒരളവിൽ അധികം അവരെ നിയന്ത്രിക്കാൻ പാസ്റ്റർക്ക് ആവില്ല. പാസ്റ്ററുടെ ഭാര്യ മറ്റാരുടെയെങ്കിലും കൂടെ ഒളിച്ചോടിയാൽ പാസ്റ്ററെ ശുശ്രൂഷയിൽ നിന്ന് പുറത്താക്കാനുമോ? മകനോ മകളോ ദുർന്നടപ്പുകാരാണെന്ന കുറ്റം ചുമത്തി പാസ്റ്റർക്കെതിരെ നടപടി എടുക്കുന്നത് നീതീകരിക്കത്തക്ക നടപടിയാണോ? അല്ലെന്നു തീർച്ച. പക്ഷേ ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പാസ്റ്റർക്ക് ഫലപ്രദമായി ദൈവവേല ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും.

ഈ വിധത്തിലുള്ള സംഭവങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. അതുകൊണ്ട് ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ദൈവദാസൻമാർ എന്തു നടപടി സ്വീകരിക്കണം എന്ന് ദൈവജനം അറിഞ്ഞിരിക്കണം.

ബന്ധുമിത്രാദികളുടെ ദുർന്നടപടികൾക്ക് ദൈവദാസൻമാർ നേരിട്ട് ഉത്തരവാദികൾ അല്ലെങ്കിലും ധാർമ്മിക ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാൻ അവർക്ക് കഴിയുന്നതല്ല. ബന്ധുമിത്രാദികളെ നിയന്ത്രിക്കാൻ പറ്റാതാകുമ്പോൾ അവരുടെ ദുർന്നടപടികളെ അപലപിക്കാനും തള്ളിപ്പറയാനും ദൈവദാസൻമാർ തയ്യാറാകണം.

ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. ടി.എസ്.ഏബ്രഹാമിന്റെ ഇളയ മകൾ അവൾക്ക് ബോധിച്ച ഒരാളെ വിവാഹം കഴിച്ചു. മാതാപിതാക്കളുടേയോ സഹോദരങ്ങളുടേയോ അറിവോ സമ്മതമോ കൂടാതെയാണ് അവൾ അങ്ങനെ ചെയ്തത്. ഇത് ശരിയായ പ്രവൃത്തിയായിരുന്നു എന്ന് പറയാനാവില്ല. എങ്കിലും ഈ രാജ്യത്തെ നിയമം അനുസരിച്ച് അവൾ തെറ്റ് ചെയ്തിട്ടില്ല. പക്ഷേ ടി.എസ്.ഏബ്രഹാം ഒരു പെന്തക്കോസ്ത് നേതാവായതുകൊണ്ട് പലരുടേയും ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടതായി വന്നു. അവിശ്വാസിയായ ഒരാളെ മകൾ വിവാഹം കഴിച്ചു എന്നത് ഒരു പ്രശ്നം. ദൈവവചനത്തിൽ അടിസ്ഥാനമില്ലെങ്കിലും വിവാഹ ശുശ്രൂഷ എന്നൊരു അത്യുഗ്രൻ ശുശ്രൂഷ പെന്തക്കോസ്തിലും നിലവിലുണ്ടല്ലോ. ഈ ശുശ്രൂഷപ്രകാരം വിവാഹം നടന്നില്ലെങ്കിൽ ആകാശം ഇടിഞ്ഞുവീഴുകയും ചെയ്യും. എന്താണ് പോംവഴി? തന്റെ മകളുടെ പ്രവൃത്തി താൻ അംഗീകരിക്കുന്നില്ലെന്നും അതിന് തന്റെ പിൻതുണയില്ലെന്നും പരസ്യമായി പ്രഖ്യാപിച്ച് പ്രശ്നം അവസാനിപ്പിക്കുകയായിരുന്നു ശരിയായ നടപടി. പക്ഷേ അതല്ല ടി.എസ്.ഏബ്രഹാം ചെയ്തത്. മകളെ ബലമായി പിടിച്ചുകൊണ്ടുവന്നെന്നു മാത്രമല്ല വിവാഹമോചനം പോലും നടത്താതെ ഒരു അമേരിക്കൻ വിഡ്ഢിയുടെ തലയിൽ മകളെ കെട്ടിവെയ്ക്കുകയും ചെയ്തു. മകൾ ചെയ്തതിലും നൂറുമടങ്ങ് വലിയ തെറ്റാണ് അപ്പൻ ചെയ്തത്.

ദൈവദാസൻമാർക്ക് ധാർമ്മിക ഉത്തരവാദിത്വം എന്നൊന്നുണ്ട്. അത് അവർ ഗൗരവത്തിൽ എടുക്കണം. തെറ്റുചെയ്യുന്നവരെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ തള്ളിപ്പറയാനെങ്കിലും കഴിയണം. കെ.എ.ഏബ്രഹാമിന്റെ കാര്യവും ഇങ്ങനെതന്നെ.

കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവായ മത്തായിക്കുട്ടി പ്രായപൂർത്തിയായ ഒരു ഇന്ത്യൻ പൗരനാണ്. അയാളെ നിയന്ത്രണത്തിൽ നിർത്താൻ കെ.എ.ഏബ്രഹാമിന് കഴിയുകയില്ല. തനിക്ക് ബോധിച്ചതുപോലെ ജീവിക്കാൻ മത്തായിക്കുട്ടിക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ മത്തായിക്കുട്ടിയെ തള്ളിപ്പറയാൻ കെ.എ.ഏബ്രഹാമിന് കഴിയും. ഡിഫെൻഡർ കെ.എ.ഏബ്രഹാമിൽ നിന്ന് പ്രതീക്ഷിക്കുന്നതും അതു മാത്രമാണ്.

ചില ചോദ്യങ്ങൾക്ക് കെ.എ.ഏബ്രഹാം മറുപടി പറയേണ്ടിയിരിക്കുന്നു.

1. പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധം പാപമാണെന്ന് കെ.എ.ഏബ്രഹാം അംഗീകരിക്കുന്നുണ്ടോ? (ഇല്ലെന്നാണ് ഉത്തരമെങ്കിൽ കെ.എ.ഏബ്രഹാം ദൈവദാസനല്ല എന്ന് വ്യക്തം.)
2. മത്തായിക്കുട്ടിക്കെതിരെ ഡിഫെൻഡർ ഉന്നയിച്ച ആരോപണം ഗൗരവമുള്ളതാണ് എന്ന് കെ.എ.ഏബ്രഹാം അംഗീകരിക്കുന്നുണ്ടോ? ഉണ്ടെന്നാണ് ഉത്തരമെങ്കിൽ ഈ ആരോപണത്തിൽ കഴമ്പുണ്ടോ എന്ന് കെ.എ. ഏബ്രഹാം അന്വേഷിച്ചോ?
3. പ്രശ്നം ഗൗരവമുള്ളതാണെങ്കിൽ കെ.എ.ഏബ്രഹാം എന്തുകൊണ്ട് ആരോപണത്തേക്കുറിച്ച് അന്വേഷിച്ചില്ല? ആവശ്യമായ തെളിവ് തരാമെന്ന് ഡിഫെൻഡർ വ്യക്തമാക്കിയിട്ടും കെ.എ.ഏബ്രഹാം എന്തുകൊണ്ട് മൗനമായിരിക്കുന്നു?
4. ഡിഫെൻഡർ ഉന്നയിച്ച ആരോപണം ശരിയാണെന്ന് അറിയാവുന്നതിനാലാണ് അന്വേഷണം നടത്താൻ തയ്യാറാകാത്തതെങ്കിൽ കെ.എ.ഏബ്രഹാം ആ വസ്തുത സമ്മതിക്കണം.
5. മത്തായിക്കുട്ടി സോദോമ്യനാണ് എന്ന് തെളിഞ്ഞാൽ കെ.എ.ഏബ്രഹാം എന്തു നടപടി സ്വീകരിക്കും? മത്തായിക്കുട്ടിയെ തള്ളിപ്പറയാൻ ധൈര്യം കാണിക്കുമോ?

മത്തായിക്കുട്ടിയേക്കുറിച്ച് ഡിഫെൻഡർ പറഞ്ഞതെല്ലാം ശരിയാണെന്ന് കെ.എ.ഏബ്രഹാമിന് അറിയാം. പക്ഷേ ഈ വസ്തുത തുറന്ന് സമ്മതിക്കാനുള്ള ധൈര്യം കെ.എ.ഏബ്രഹാമിനില്ല. അതാണ് പ്രശ്നം.

കെ.എ.ഏബ്രഹാമിനോട് ഡിഫെൻഡർ ആവശ്യപ്പെടുന്നത് ഇതാണ്: മത്തായിക്കുട്ടിയേക്കുറിച്ച് ഉന്നയിച്ച എല്ലാ ആരോപണങ്ങളും ശരിയാണെന്ന് ഡിഫെൻഡർ തെളിയിക്കാം. അങ്ങനെ ചെയ്യാൻ ഡിഫെൻഡറിന് കഴിഞ്ഞില്ലെങ്കിൽ ഡിഫെൻഡർ പരസ്യമായി മാപ്പ് പറയാം. പക്ഷേ മത്തായിക്കുട്ടിയുടെ തെറ്റ് ഡിഫെൻഡർ തെളിയിച്ചാൽ കെ.എ.ഏബ്രഹാം മത്തായിക്കുട്ടിയുടെ ദുഷ്ചെയ്തികളെ അപലപിക്കുകയും തള്ളിപ്പറയുകയും ചെയ്ത് ധാർമ്മിക ഉത്തരവാദിത്വം നിറവേറ്റണം. അതിന് തയ്യാറാണോ?

# സി.വി.ആൻഡ്രൂസിന് ഡോക്ടറേറ്റ്

അറിയപ്പെടുന്ന സുവിശേഷകനും വേദാധ്യാപകനുമായ പാസ്റ്റർ സി.വി.ആൻഡ്രൂസിന് ഡോക്ട്രേറ്റ് ലഭിച്ചു. കാനഡ ക്രിസ്ത്യൻ കോളേജാണ് ഡോക്ട്രേറ്റ് നൽകി ഈ ദൈവദാസനെ ആദരിച്ചത്.

ചർച്ച് ഓഫ് ഗോഡുമായി ബന്ധപ്പെട്ടാണ് പാസ്റ്റർ സി.വി.ആൻഡ്രൂസ് 1982ൽ സുവിശേഷ പ്രവർത്തനം ആരംഭിച്ചത്. ഡിസ്ട്രിക്ട് പാസ്റ്റർ, മഹനയീം ഗോസ്പൽ ടീമിന്റെ ഓർഗനൈസർ, ചർച്ച് ഓഫ് ഗോഡിന്റെ കൗൺസിൽ അംഗം, നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ നാഷണൽ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ ജബൽപൂർ, ദുർഗ്ഗാപൂർ, നാഗ്പൂർ, ബോപ്പാൽ, ബോംബെ, ന്യൂഡൽഹി എന്നീ സ്ഥലങ്ങളിലും അമേരിക്കയിലെ ഫ്ളോറിഡയിലും സഭാശുശ്രൂഷ ചെയ്തിട്ടുള്ള പാസ്റ്റർ സി.വി.ആൻഡ്രൂസ് ഇപ്പോൾ അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററാണ്.



സഭാശുശ്രൂഷ കൂടാതെ ആത്മീയ രംഗത്ത് വിവിധ നിലകളിൽ ഈ ദൈവദാസൻ പ്രവർത്തിക്കുന്നുണ്ട്. സുവിശേഷ സന്ദേശങ്ങൾ അടങ്ങിയ ഓഡിയോ ടേപ്പ്, സി.ഡി., ഡി.വി.ഡി എന്നിവ ഇദ്ദേഹം സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ, ലോകമെമ്പാടും ചുറ്റി സഞ്ചരിച്ച് സുവിശേഷം അറിയിക്കുകയും ചെയ്യുന്നു. അറിയപ്പെടുന്ന വേദാദ്ധ്യാപകനും കൺവെൻഷൻ പ്രസംഗകനുമാണ്.

കൂടുതൽ വിവരങ്ങൾക്ക് **www.worldwidegospel.org** എന്ന സൈറ്റ് സന്ദർശിക്കുക.

1967ൽ റിച്ച്മണ്ട് കോളേജ് എന്ന പേരിൽ ടൊറോണ്ടോയിൽ ആരംഭിച്ച സെക്യുലർ കോളേജിൽ ബൈബിൾ പഠനത്തിനുള്ള ഡിപ്പാർട്ട്മെന്റ് തുടങ്ങിയത് 1974ൽ ആയിരുന്നു. എങ്കിലും ഈ ഡിപ്പാർട്ട്മെന്റ് 1981ൽ നിർത്തേണ്ടതായി വന്നു. മാത്രമല്ല ഡിഗ്രികൾ നൽകാൻ ഈ കോളേജിന് സർക്കാർ നൽകിയിരുന്ന അനുമതി പിറ്റേവർഷം റദ്ദ് ചെയ്യപ്പെടുകയും ഉണ്ടായി. എങ്കിലും ഈ സ്ഥാപനം പ്രവർത്തനം തുടർന്നു. പക്ഷേ 1999ൽ ഈ സ്ഥാപനം അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവിറക്കി. എന്നാൽ ഒന്റാരിയോ നിയമസഭ ഈ കോളേജിന് ഡിഗ്രികൾ നൽകാനുള്ള അധികാരം നൽകുന്ന വിധത്തിൽ അതേ വർഷം തന്നെ നിയമ നിർമ്മാണം നടത്തി. അതുകൊണ്ട് ഈ സ്ഥാപനം ഇപ്പോൾ നൽകുന്ന ഡിഗ്രികൾക്ക് സർക്കാരിന്റെ അംഗീകാരമുണ്ട്.

# ചവർ ചാനൽ ക്ലബ്ബ് തുടങ്ങുന്നു

അത്താഴപ്പട്ടിണിക്കാരനെ വരെ കൊള്ളയടിക്കുക എന്ന ലക്ഷ്യത്തോടെ ചവർ ചാനൽ ലോകമെമ്പാടും ക്ലബ്ബുകൾ തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. 1000 രൂപ മുടക്കുന്ന പാവപ്പെട്ടവൻ ക്ലബ്ബിലെ എക്സിക്യൂട്ടീവ് മെമ്പറാകും. 3000 കൊടുത്താൽ സിൽവർ മെമ്പറും 5000 കൊടുത്താൽ ഗോൾഡൻ മെമ്പറും ആകാം. 10000 കൊടുക്കുന്നവൻ പ്ലാറ്റിനം മെമ്പർ എന്ന പമ്പര വിഡ്ഢിയുമാകും. ഏതു സാമ്പത്തിക സ്ഥിതിയിലുള്ളവന്റേയും പോക്കറ്റടിക്കാൻ ഉതകുന്ന സുന്ദരൻ തട്ടിപ്പ് പരിപാടി.

ഇങ്ങനെ ക്ലബ് മെമ്പറായാൽ എന്താണ് ഗുണം? കൊടുത്ത കാശ് വെറുതെ പോകും എന്നതു മാത്രമാണ് യഥാർത്ഥ ഫലമെങ്കിലും അത് കെ.സി. ജോൺ പറയുന്നില്ല. പറയുന്നത് ഇതുമാത്രം: ക്ലബ്ബ് അംഗങ്ങളുടെ താലന്ത് പരിശോധന നടത്തി വിജയികളാകുന്നവരുടെ പ്രോഗ്രാം ചവറിൽ പ്രദർശിപ്പിക്കും. അതാണ് എക്സിക്യൂട്ടീവും സിൽവറും ഗോൾഡും പ്ലാറ്റിനവും ഒക്കെ ആയാലുള്ള ഗുണം.

പെന്തക്കോസ്തുകാരനെ മാത്രമല്ല ക്രിസ്ത്യാനിയെന്ന് പേരുള്ള സകലരുടേയും പോക്കറ്റടിക്കാനായി ക്ലബ്ബ് അംഗത്വം ''യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഏതൊരാൾക്കും പ്രായത്തിന്റേയോ സഭാവിഭാഗത്തിന്റേയോ വ്യത്യാസം കൂടാതെ'' ക്ലബ്ബിൽ അംഗത്വം നൽകാനാണ് തീരുമാനം. ബുദ്ധി കൊള്ളാം.

ചവറിന് ആശംസ അർപ്പിച്ചുകൊണ്ട് കത്തോലിക്കാ സഭയിലെ ഒരു ആർച്ച് വെഷപ്പും മാർത്തോമ്മായിലെ ക്രിസോസ്റ്റമും സി.എസ്.ഐയിലെ ഒരു മെത്രാനും പ്രസ്താവന പുറപ്പെടുവിക്കുന്നുമുണ്ട്. യാക്കോബായ-ഓർത്തഡോക്സ് സഭകളിൽ നിന്ന് വെഷപ്പൻമാരെ കിട്ടിയില്ലെന്ന് തോന്നുന്നു. ഈ തിരുമേനിമാർക്കൊക്കെ സ്വീകാര്യമായ പ്രോഗ്രാമാണ് ചവറിലുള്ളതെങ്കിൽ അത് തീർച്ചയായും പെന്തക്കോസ്ത് ഉപദേശത്തിന് നിരക്കുന്നതായിരിക്കില്ല എന്ന് വ്യക്തം.

ക്ലബ്ബ് രൂപീകരിക്കാൻ കഴിഞ്ഞ ദിവസം തിരുവല്ലയിൽ കൂടിയ യോഗം തർക്കത്തിലും വിമർശനത്തിലും കലാശിച്ചെന്നും അറിയാൻ കഴിഞ്ഞു.




# പെന്തക്കോസ്ത് അനുഭവവും കുറെ വിവരക്കേടുകളും

പെന്തക്കോസ്ത് അനുഭവം വെള്ളക്കാരന്റെ സാമൂഹിക അസമത്വത്തിനെതിരെ രൂപം കൊണ്ടതാണത്രേ. പറയുന്നത് കുഞ്ഞുമോൻ ദാനിയേൽ എന്നൊരാളാണ്. ഈ വിവരംകെട്ട ലേഖനം ക്രൈസ്തവചിന്ത ഒന്നാം പേജിലെ മുഖ്യ ഇനമായി ജൂൺ ലക്കത്തിൽ കൊടുക്കുകയും ചെയ്തു. (ചക്കിക്ക് ഒത്ത ചങ്കരൻ തന്നെ).

പെന്തക്കോസ്ത് എന്നത് അനുഭവമാണെങ്കിൽ അത് എന്തിനെങ്കിലും എതിരെ എങ്ങനെയാണ് രൂപം കൊള്ളുന്നത്? വെള്ളക്കാരന്റെ സാമൂഹിക അസമത്വം എന്നു പറഞ്ഞാൽ എന്താണാവോ? വെള്ളക്കാരന്റെ നാട്ടിലെ സാമൂഹിക അസമത്വം എന്നായിരിക്കാം ഉദ്ദേശിക്കുന്നത്. മലയാളഭാഷ ശരിയായി ഉപയോഗിക്കാൻ അറിഞ്ഞുകൂടാത്ത ആളാണ് ലേഖകൻ എന്ന് വ്യക്തം.

ഭാഷാപ്രശ്നം അവഗണിച്ചാലും പ്രശ്നം തീരുന്നില്ല. പെന്തക്കോസ്ത് അനുഭവം കേവലമൊരു സാമൂഹ്യ മുന്നേറ്റമായിരുന്നു എന്നു പറയണമെങ്കിൽ അസാമാന്യ വിവരക്കേട് കൂടിയേ കഴിയൂ. അസമത്വത്തിനെതിരെ പ്രതികരിക്കുമ്പോൾ പെന്തക്കോസ്ത് അനുഭവം എങ്ങനെയാണപ്പാ ഉണ്ടാകുക? ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ അന്യഭാഷ പറഞ്ഞവർ സാമൂഹ്യ അസമത്വത്തിനെതിരെ പ്രതികരിക്കയായിരുന്നോ? ആണെങ്കിൽ അവരുടെമേൽ വ്യാപരിച്ചിരുന്നത് ഏതാത്മാവാണ്? അഞ്ജനം മഞ്ഞളുപോലെ വെളുത്തതാണ് എന്ന് പണ്ടൊരു വിദ്വാൻ കണ്ടുപിടിച്ചിരുന്നു. അതുപോലൊരു കണ്ടുപിടുത്തമാണ് കുഞ്ഞുമോൻ ദാനിയേൽ നടത്തിയിരിക്കുന്നത്.

രക്ഷിക്കപ്പെട്ട ദൈവമക്കൾ ക്രിസ്തുവിലേക്കും ബൈബിളിലേക്കും മടങ്ങി വന്നതിന്റെ ഫലമായാണ് പെന്തക്കോസ്ത് അനുഭവം പ്രാപിച്ചത്. അന്ധകാര യുഗത്തിൽ ദൈവവചത്തിന്റെ വെളിച്ചമില്ലാതെ ജനം വലഞ്ഞിരുന്നു. എന്നാൽ അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തത്തോടെ ഈ സ്ഥിതിക്ക് മാറ്റമുണ്ടായി. ബൈബിൾ അച്ചടിക്കാൻ തുടങ്ങിയതോടെ മനുഷ്യർക്ക് ആത്മീയ വെളിച്ചം ലഭിക്കാൻ തുടങ്ങി. മാർട്ടിൻ ലൂഥറേപ്പോലുള്ള മതനവീകരണ നായകരുടെ ശ്രമഫലമായി കത്തോലിക്കാസഭയുടെ ചങ്ങല പൊട്ടിച്ചെറിഞ്ഞ് ആയിരങ്ങൾ പുറത്തുവന്നു. അവരിൽ പലരും തിരുവചനം പഠിക്കാൻ തുടങ്ങി. കാലക്രമത്തിൽ വിശ്വാസസ്നാനത്തിന്റെ ആവശ്യകത അവർക്ക് ബോദ്ധ്യമായി. അങ്ങനെ ബാപ്റ്റിസ്റ്റ് മുന്നേറ്റമുണ്ടായി.

പരിശുദ്ധാത്മസ്നാനം എന്ന അനുഭവത്തേക്കുറിച്ച് ജനം പിൽക്കാലത്ത് മനസ്സിലാക്കി. അതോടെ അവർ അതിനായി പ്രാർത്ഥിക്കുവാൻ തുടങ്ങി. ദൈവം ജനത്തോട് മനസ്സലിഞ്ഞു. അങ്ങനെ ഒന്നാം നൂറ്റാണ്ടിലെ അനുഭവം - മാളികമുറിയിലെ അനുഭവം - വീണ്ടും ഉണ്ടായി. ഇതാണ് സത്യം. അല്ലാതെ, വെള്ളക്കാരന്റെ സാമൂഹിക അസമത്വത്തിനെതിരേയോ മറ്റേതെങ്കിലും സാമൂഹ്യ പ്രശ്നത്തിനെതിരേയോ ഉണ്ടായ മുന്നേറ്റമല്ല പെന്തക്കോസ്ത് അനുഭവത്തിന് വഴിവെച്ചത്. ഇത് തികച്ചും ആത്മീയമായ അനുഭവമായിരുന്നു. ബൈബിളിൽ അധിഷ്ഠിതമായ വിശ്വാസപ്രമാണമായിരുന്നു പെന്തക്കോസ്ത് അനുഭവത്തിന്റെ അടിത്തറ. ഇന്നും അത് അങ്ങനെതന്നെ.

ലേഖനത്തിലെ ആശയങ്ങൾക്ക് ലേഖകരാണ് ഉത്തരവാദികൾ എന്ന് സാധാരണ പറയാറുണ്ടെങ്കിലും പത്രത്തിന്റെ ആദ്യ പേജിൽ ഏറ്റവും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ അബദ്ധ പഞ്ചാംഗത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ക്രൈസ്തവചിന്തയുടെ പത്രാധിപർക്ക് ഒഴിഞ്ഞുമാറാനാവില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ വെറും സാമൂഹ്യ വിപ്ലവമായി ചിത്രീകരിച്ചത് അക്ഷന്തവ്യമായ അപരാധമാണ്. ഇതിന് ലേഖകനും പത്രാധിപരും മാപ്പ് പറയണം.

# ആഞ്ഞിലിക്ക ഇപ്പോൾ എവിടെ?

അടുത്ത 14 വർഷം കൊണ്ട് ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള സംസ്ഥാനമാകും എന്ന പ്രവചനവുമായെത്തിയ ആഞ്ഞിലിക്ക എന്ന മഠത്തിലമ്മയേക്കുറിച്ച് ഈയിടെയായി ഒന്നും കേൾക്കുന്നില്ല. ഈ കള്ളപ്രവാചകിയെ എഴുന്നെള്ളിച്ചു കൊണ്ടുനടന്ന ടി.ജെ.ശാമുവൽ, നോബിൾ പി. തോമസ് എന്നിവരും മിണ്ടുന്നില്ല.

ആഞ്ഞലിക്ക പറഞ്ഞത് ശരിയാണെങ്കിൽ പ്രതിവർഷം നാലുകോടിയോളം പുതിയ ക്രിസ്ത്യാനികൾ ഇന്ത്യയിൽ ഉണ്ടാകണം. ഈ വർഷം ആരംഭിച്ചപ്പോൾ മൂന്നു കോടിയോളം ക്രിസ്ത്യാനികൾ മാത്രമാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. അവരുടെ സംഖ്യ ഇപ്പോൾ രണ്ടുകോടിയെങ്കിലും വർദ്ധിച്ച് അഞ്ചു കോടിയിൽ എത്തേണ്ടതാണ്. പക്ഷേ അസാധാരണമായ വർദ്ധനവ് ക്രിസ്ത്യാനികളുടെ എണ്ണത്തിൽ ഈയിടെ ഉണ്ടായതായി അറിവില്ല. ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ ജനസംഖ്യ ഇപ്പോഴും കാര്യമായ മാറ്റമില്ലാതെ തുടരുന്നു. ആഞ്ഞിലിക്കായുടെ പ്രവചനം തെറ്റി എന്ന് വ്യക്തം.

ഇതിന് സമാനമായ ഒരു വെളിപ്പാട് ടി.ജെ.ശാമുവലിന് ഏഴു കൊല്ലം മുൻപ് ലഭിച്ചിരുന്നത്രേ. അതുകൊണ്ടാണ് ആഞ്ഞിലിക്കായുടെ പ്രവചനം പ്രചരിപ്പിക്കാൻ ടി.ജെ.ശാമുവൽ പരിശ്രമിച്ചത്. (നോബിളും കണ്ടിരുന്നോ ഇത്തരത്തിലുള്ള എന്തെങ്കിലും ദർശനം എന്ന് വ്യക്തമല്ല). ഏതായാലും ടി.ജെ.ശാമുവൽ ദർശനം കണ്ടിട്ട് ഏഴു വർഷമാകുന്നു. പക്ഷേ നാളിതുവരെ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ എടുത്തു പറയത്തക്ക വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. എങ്കിലും ടി.ജെ.ശാമുവൽ എന്ന വിഡ്ഢി ഇപ്പോഴും ഈ കള്ളപ്രവചനവുമായി നടക്കുകയാണ്.

പണ്ട് വിദ്വാൻകുട്ടി ഒരു കള്ളപ്രവചനത്തിന് ഒത്താശ ചെയ്ത് നശിച്ചുപോയി. അദ്ദേഹത്തിന്റെ വാക്ക് വിശ്വസിച്ച് കുറച്ചധികം ആളുകളും നശിച്ചു. ഇതിന് സമാനമായ സംഭവങ്ങളാണ് എ.ജിയിൽ ഇപ്പോൾ നടക്കുന്നത്. സഭാനേതാവായ ടി.ജെ.ശാമുവൽ പറയുന്നതുകൊണ്ട് ജനം ഈ കള്ളപ്രവചനം വിശ്വസിക്കാനും വഴിതെറ്റാനും ഇടയാകും.

# Benny Hinn's Romance with Necromancy

From the beginning the Church needed to give answers to those outside its walls, the unsaved. This is called apologetics.

But there were also challenges from within that needed to be addressed and weeded out. This is called polemics . The modalists and the Gnostics came first inside the church. The word Gnostic is derived from the Greek, word "gnostikos.' or "gnosis an inner mystic knowledge revealed to the adherent. The Gnostics believe that 'gnosis', is a subjective knowledge of the divine.

One of the fundamental tenets of gnosticism declares that God is unknowable by man and can only communicate to him indirectly, through intermediaries. Today we can find examples of this in some Churches through men who claim greater revelations as they are specially 'anointed' having a deeper, a greater measure of the Spirit and understanding of the Bible. The Gnostics also placed a high value on personal experiences as they were mystically inclined.

Benny Hinn who has become the leading promoter of today's Charismatism seems to have had more supernatural experiences than the apostle Paul. These are only a few of the instances mentioned there are many more...

B.Hinn says: "I'm telling you the truth you could literally sit there in total shock .... angels would appear in my bedroom at night and just stand and look at me I would wake up to see angels in my bedroom, all sizes, call me crazy but I would even see little boys in my bedroom with beautiful white robes, they almost looked like girls but they were males." (Benny Hinn Orlando Christian center, personal testimony ).

Notice, he said the angel just stood there and looked at him. Well this defies the very reason angels are sent, they are messengers not starers. At other times they have brought him numerous messages, one which is telling him "poverty is a demon". (Benny Hinn, TBN, Praise a thon 1990 )

"I've walked in the supernatural world. I've seen things you would never be able to understand...I've had individuals appear to me in my room. Not only angels." (HONOLULU CRUSADE Feb. 28, 1997)

Hinn still operates his ministry from this basis: "Please, please, please, don't think [we're] here to repeat something you've heard for the last 50 years. ...If we quit giving you new revelations, we're dead" (TBN, December 9th 1990). Actually the stories get more bizarre along with the anointing getting more violent.

Several years before Benny Hinn said, "I could almost visibly see the Lord, and I could tell you what He was wearing." This has now escalated where he can see him…When I talk to the Lord, He comes, … most times, I see Him wearing a blue, beautiful, almost like a - like a silkish looking garment. And under it would be a white garment. Sometimes I'd see Him wear white and a scarlet garment… You say, "Where do you see Him?" I don't know. I just see Him. I've had individuals appear to me in my room. Not only angels."

Where does the bible ever say anyone saw the Lord when they pray except for special events such as Stevens stoning. Hinn describes God as if he has a changing wardrobe.

"I was in prayer one day and a man appeared in front of me. It happened for two days in a row. ..He was about six feet two. Old man. Had a ….Glistening white beard. …Eyes - crystal blue. He had on a white garment,…. On his head was a like a shawl - like a - like a like a covering… every part of him glistened like crystal. …Now, I know you may think I've lost my mind, but the Lord said, "Elijah, the prophet." … You know, when that happened? That happened days before the anointing on my life doubled." (HONOLULU CRUSADE Feb. 28, 1997)

Does Elijah dispense an anointing by appearing in someone's room from heaven today after thousands of years of being in heaven? When Elisha asked Elijah for his mantle he told his protégé it is not mine to give. He was told to wait and see if the Lord would place it on him ( 2 Kings 2: 10) If he saw him taken to heaven he would receive the blessing. Yet he had to leave first for it to be placed on him he could not give it. 2 Kings 13:21

"I've seen the presence of God in Kathryn Kuhlman's meetings many times." If this is so, he was probably the only one. In 1989 the Lord told Hinn to ask for a healing ministry that would fill stadiums in America. "I can't do it until you ask me. I said, Lord if its in your plan, why don't you do it without me asking." Gods answer "Because my law is I can't give till you ask, he bound himself to his word and promises." When he asks 7 months later the glory of God came. Besides the wrong theology in this conversation with God there is something we need to bring our attention to. He has at least two different stories about his launching of his healing ministry. Hinn seems to have duplicate and triplicate stories for just about everything in his life. And like the many other stories there are numerous contradictions.

Hinn's other testimony of the Lord giving him a vision of Kathryn Kuhlman in heaven, sitting with a group of people. The timing is completely different as well as the characters (Mrs. Kuhlman died in 1976)..." Seven and a half years ago, just before the ministry started, before these crusades began, I was in prayer when suddenly in front of me I saw a group of people. I couldn't even tell you who they were. I recognized only one of them. It was Miss Kuhlman... (At least fifty to seventy of them were sitting in a group), and they were saying to me, "Pray! Ask God to give you a healing ministry that will touch the world!" And suddenly, I heard Kathryn's voice, ... suddenly there - there she was, it's crystal clear. And she in her beautiful smile, the way she said, "Ask! We're waiting for you to ask! We're praying with you to ask "And the vision disappeared. And suddenly I said, "Lord!" and I asked. A week later the anointing hit my life. (Honolulu Crusade, February 28, 1997).

Her mantle has by all appearances, fallen upon Him. Notice he sees them and she talks with him. This is Necromancy which God states in Deut.18 is an abomination to him.If you wonder if his ministry is of God here is the proof, God says this is an abomination.

He goes on to prove all this is true by saying,"Jesus saw Moses and Elijah who came to talk to Him about His passion on the cross! Ladies and gentlemen, there's way more than you know about God! And the reason I'm telling you all this? The Lord said to me only a few days ago, He said, "You're - you're about to come into a new level. Get ready!" And I'm already feeling the rumblings in the heavenlies. Somebody is about to talk to me again."(Benny Hinn, Honolulu Crusade, February 28, 1997).

So we can see Hinn depends on contact from the spiritual realm which is God forbids to be trafficked in.To justify this by taking Jesus the Son of Gods encounter with the prophets on the mount of transfiguration is ludicrous. For it was Jesus along with the Father who had them appear to approve of his ministry and reveal who he was to his closest disciples. there really is no comparison.

At the age of eleven, for instance, Hinn claims to had a visitation from Jesus himself before he was saved (Good Morning Holy Spirit pg.221 ) Hinn claims to have had two visions of Jesus as well. (Mike Thomas, The Power and the Glory. Florida Magazine, Nov. 24, 91 quoted in the Confusing world of Benny Hinn)

"When I was a little boy, I saw the Lord in this dream. It was really so real, it was really a vision because when - when He appeared to me my body became electric just like electricity went through me and when I awoke that electricity was still on my body." (Benny Hinn, This Is Your Day, June 11, 1997)

Here Hinn shows the origin of his electric anointing from his visitations of this certain Jesus that he has seen before he was a Christian. I'm sorry but something is not kosher here! Biblically visions had a purpose to give revelation that would be written in scripture, not to transfer power.

Hinn relates another vision he had "I saw myself walk into a room and there stood Kathryn Kuhlman. And I've not seen Kathryn in a dream or a vision [in] years. I knew she had died and it was on the news that same morning. … And there she was standing in this room… And she said, 'Follow me.' … And I followed her to a second room. In that second room stood the Lord. When I saw the lord, Kathryn disappeared. She was just gone ... And now the Lord looked at me and said, 'Follow me.' And I followed him to a third room."(Ibid.)

Hinn is so infatuated with this woman of who he models his preaching and mannerisms after that he is seeing her along with Jesus. He conducts his meetings almost exactly like hers. Why change such an effective model if it works.

Hinn is practicing and promoting spiritism at best and at worst necromancy, secret knowledge communicated by someone who has died. Direction is sought from the other side. However, the Bible reveals that the real source of the information can be demonic entities or evil spirits *who impersonate the dead*, not the dead themselves. Why? Because the dead are not allowed nor able to communicate with us. It doesn't matter whether we are believers or not their is no advantage.

Jeremiah had the very same issues going on in his time 14:14 and 23:16: "And the lord said to me, the prophets prophesy lies in my name. 1 have not sent them, commanded them, nor spoken to them; they prophesy to you a false vision, divination, a worthless thing, and the deceit of their own heart."

"Thus says the Lord of hosts: Do not listen to the words of the prophets who prophesy to you. They make you worthless; They speak a vision of their own heart, not from the mouth of the lord." Aimee S. Mcpherson and Kathryn Kuhlman are dead and buried but they have reserved power, at least according to Hinn. He even frequents their graves. This is a Grave Deception.

He said, "One of the strangest experiences I had a few years ago [was] visiting Aimee's tomb in California... Friday I am gonna go and visit Kathryn Kuhlman's tomb. It's close by Aimee's ... I've been there once already and every so often. I like to go and pay my respects 'cause this great woman of God has touched my life. And that grave, where she's buried is closed, they built walls around it. You can't get in without a key and I'm one of the very few people who can get in. But I'll never forget when 1 saw Aimee's tomb. It's incredibly dramatic. She was such a lady that her tomb has seven-foot angels bowing on each side of her tomb … I felt a terrific anointing when 1 was there. 1 actually, hear this,' I trembled when I visited Aimee's tomb. I was shaking all over. God's power came all over me. ... I believe the anointing has lingered over Aimee's body.

Someone asked me how is it you can feel the anointing around a tomb? I have no idea man, but I sure felt it. Your gonna feel the anointing...I've heard of people *healed when they visited their tomb*... ( *Double Portion Anointing*, Part #3, Orlando Christian Center, April 7, 1991. From the series, Holy *Ghost Invasion.* TV# 309,)

Again Hinn's fascination with the dead influences his imagination. This is in reference to Elishas bones and a double portion .But scripture mentions nothing in 2 Kings 13 about some lingering power that can be touched "anointing." The real difference is the biblical story is about the resurrection from the dead not some subjective feeling "anointing" that was transferred to someone. Hinn has not raised the dead and neither are the corpses of Kuhlman or Mc Pherson . Hinn knows enough to go to scripture to try and validate his wild imagination but it all fails when looked at carefully.

Do we get the anointing and healing from dead people? Let me ask you, who goes to cemeteries? If what he is saying is true, maybe we should all move to their cemetery and have church! The problem is, this is not an anointing from Jesus. Friend, you can't even get the anointing from another person when they are alive, so how in the world would you receive it from them when they are dead? This is necromancy plain and simple.

The prophet Isaiah talked about the abomination of seeking an "anointing," and contact with the 'other world at a grave and called it "rebellious" and ', a way that is not good" (65:2), He incriminates those: "Who sit among the graves, and spend the night in the tombs" (vs. 4). The worst of judgments are pronounced on these false practices (vs. 13-15). God hates his people to be mislead into false spiritual practices this is why he judged Israel so harshly, they knew better, they knew him and abandoned God at times for the practices of pagans.

Only those who are opposed to God and his word can promote their followers to spiritism and spiritualistic practices. Hinn has entered into a dangerous practice called necromancy which is ***divination*** *one divines by consulting the dead.* Lev. 19:31 'Give no regard to mediums and familiar spirits; do not seek after them, to be defiled by them: I am the LORD your God.

Deut 18:11 " one who conjures spells, or a medium, or a spiritist, or one who calls up the

Con..... Page 7

# കോശി ഏബ്രഹാമിനെ അവഗണിക്കുക

മനുഷ്യൻ ജനിക്കുന്നില്ല മരിക്കുന്നില്ല എന്നൊക്കെ പറഞ്ഞ് കോശി ഏബ്രഹാം പുസ്തകമെഴുതിയത് ജാലകം വാർത്തയാക്കേണ്ടിയിരുന്നില്ല. കാരണം, ഈ പുസ്തകം ആരും ഗൗരവത്തിൽ എടുക്കുകയില്ല. അത്രയധികം വിഡ്ഢിത്തങ്ങളാണ് അയാൾ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്.

ഒരു കടലാസ് സ്ഥാപനം കൊടുത്ത ചുമ്മാഡോയുടെ ബലത്തിൽ ഡാക്കിട്ടറായി ചമഞ്ഞ് നടക്കുന്ന കോശി ഏബ്രഹാമിന്റെ യഥാർത്ഥ വിദ്യാഭ്യാസം സംസ്കൃതത്തിൽ പത്താം ക്ലാസ്സാണ്. ഇവാൻജലിക്കൽ സഭയിലെ അംഗമാണെങ്കിലും ഇയാൾക്ക് പ്രജാപതിയും ബാലും തമ്മൂസും ഒസീറീസും ഒക്കെയാണ് ക്രിസ്തു. വാലും തലയും ഇല്ലാത്ത കുറെ പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഇവയിൽ പ്രജാപതിയേക്കുറിച്ച് എഴുതിയ എല്ലാ പുസ്തകങ്ങളും ജെ.സി.ദേവ് എന്ന നീചന്റെ അവതാരിക/അനുമോദനം സഹിതമാണ് പുറത്തു വന്നത്. പക്ഷേ ഡിഫെൻഡർ പ്രജാപതിയുടെ കഥ കഴിച്ചതോടെ ഇയാൾ പത്തി താഴ്ത്തി കഴിയുകയായിരുന്നു. ഇപ്പോൾ പ്രജാപതിയെ വിട്ട് ജനനവും മരണവും ഒക്കെയായി ഇറങ്ങിയിരിക്കുകയാണ്. ഇയാൾ എഴുതുന്ന ചവറുകൾക്ക് സ്വാഭാവിക നാശം ഉണ്ടാകും.

എങ്ങനെയെങ്കിലും കുറെ വിവാദമുണ്ടാക്കി പുസ്തകത്തിന് പ്രചാരം നേടുകയാണ് ഇയാളുടെ ലക്ഷ്യം. അത് മനസ്സിലാക്കിയതുകൊണ്ടാണ് ഡിഫെൻഡർ ഈ പുസ്തകത്തേക്കുറിച്ച് നാളിതുവരെ എഴുതാതിരുന്നത്. ജാലകത്തിൽ ഈ പുസ്തകത്തേക്കുറിച്ച് സജി എഴുതിയതുവഴി കോശി ഏബ്രഹാമിന്റെ ആഗ്രഹം സാധിച്ചു.

# Benny Hinn..... Con...

dead."He calls all of these an abomination. Mediums, spiritists, necromancers are those who receive messages from the dead by visiting their graves touching dead bodies by either visions, signs or by any communication.

When one reads Isaiah 8, he speaks of a mediums contacted a by a demon spirit. Isaiah's question addressed to the people of God vs.19 "And when they say to you seek those who are mediums and wizards, who whisper and mutter, should not a people seek their God? Should they seek the dead on behalf of the living?" The answer is obvious God's people should *never* seek the dead for any information, much less a spiritual one. We have a living God. So why is Hinn doing this ?

When King Sauls anointing was taken away he became desperate to hear from God, he received the death penalty from God for the practice of seeking information from a witch who called up the dead. Those who do not hear from God will always seek the occult as a ways to do so. Those who are not word based will always seek the supernatural and most often mix it with occult techniques believing it is from God. those who follow after others who mislead them into spiritism will share in their punishment.

Stories like theses were not only uncommon among the early Christians but they clearly knew the pagan society the lived in. How to perform miracles or obtain stronger, fresh anointings are not taught in Scripture, nor throughout Church history. Only recently is this being taught by those who promote power crusades. Do you want an anointing that he got from a dead persons grave. This should give one the creeps!

The "miracles" we can expect to see in greater numbers today from those whose ministries are devoted this are found as a warning in: 2 Thess. 2:9-10 "Even him who is coming after the working of Satan with all power and signs and lying wonders, and with all deceivableness of unrighteousness in them that perish; because they received not the love of the truth that they might be saved." The word is the truth, but unless you read it and understand it correctly, you are not in the truth and you will be deceived by such dreamers as Hinn's. There are numerous warnings in scripture about the climate in the last times. I believe in the miraculous and the gifts of the Spirit, we shouldn't throw out the baby with the bath water but neither do we drink the dirty bath water.

Hinns miracles are grandiose claims. The frequency and quality of these healing miracles are greater than any apostle. Is his ministry apostolic as he represents it? Does he preach the whole counsel of God, does he correct error. So what makes one think he does apostolic miracles that were unique to only the chosen apostles of the early Church. Jesus said that which is highly esteemed among men is an abomination in the sight of God." Those who promote miracles as common occurrences feed on the peoples ignorance of obedience to the word, they explain away suffering, they don't tell people not to lay up treasure on earth or forsake all one has to follow Jesus and be his disciple.

While Hinn was here in January of 99 the ad said in the paper the main focus was salvation, that's totally false. I went Thursday night the 2nd night and there was absolutely no gospel message given in the 31/2 hours of my laboring to stay there, It was all farout prophecy. There was no preaching on sin, holiness contending for the faith it was all sugared oatmeal with a little milk. The spirit that spoke through Hinn gave new meanings to things we understood plainly for over 2,000 years.

As long as Hinn has a willing and captive audience to play to these spiritual fabrications will go on. The question comes down to loyalty, WHO DO YOU LOVE? God, his word of truth, or are you trusting in A MAN for your healing and anointing. If not then why are you looking forward to going? The same faith you have at the meeting can be accomplished at home. Its not what you see or feel but what God has said. If you habitually eat the truth, you won't have an appetite for the lie.

(www.letusreason.org)

# തിരുവട്ടിസം വിവാദമാക്കേണ്ടതില്ല

വടവന സൂക്ഷിക്കുക, തിരുവട്ടാർ പ്രകോപിതനാണ് എന്ന തലക്കെട്ടോടെ അനിൽ കൊടിത്തോട്ടം ക്രൈസ്തവചിന്തയിൽ എഴുതിയ ലേഖനം കണ്ടു. സംഗതി ഒന്നാംതരം ആയിരിക്കുന്നു. തിരുവട്ടാറിനെതിരെ പ്രതികരിക്കാൻ മിക്കവരും തയ്യാറാകാറില്ല. കാരണം തിരുവട്ടാർ സംസ്കൃത പണ്ഡിതനാണെന്നും തിരുവട്ടാറിനെ എതിർത്താൽ അത്യുഗ്രൻ ഗീർവാണത്തിൽ അയാൾ മറുപടി എഴുതി നാണം കെടുത്തുമെന്നും ഒക്കെ മിക്കവരും ഭയപ്പെടുന്നു. തിരുവട്ടാറിന്റെ കണ്ണിലെ കരടായ വടവന, ഡോ.ജോൺസൺ സി. ഫിലിപ്പ് തുടങ്ങിയവരെ തിരുവട്ടാർ അതിനീചമായി അവഹേളിക്കുന്നുമുണ്ടല്ലോ.

എന്നാൽ തിരുവട്ടാർ കൃഷ്ണൻകുട്ടി ഒരു വിവരദോഷിയാണെന്ന രഹസ്യം മിക്കവർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് പലരും അർഹിക്കാത്ത ബഹുമാനം ഇയാൾക്ക് കൊടുക്കുന്നു. അതിന്റെ ഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

വെറും ഏഴാംക്ലാസ്സാണ് തിരുവട്ടാറിന്റെ വിദ്യാഭ്യാസം. അല്പം രാഷ്ട്രീയവുമൊക്കെയായി നടന്നതിനാൽ വാചകമടിക്കാൻ പഠിച്ചു. രാഷ്ട്രീയ പ്രസംഗം നടത്തി പ്രസംഗവും വശത്താക്കി. അവിടെ നിലനിൽപ്പില്ലാതായപ്പോൾ ബ്രദറുകാരനായി. അജ്ഞതയെ വാചാടോപത്തിൽ മറച്ച് അവതരിപ്പിച്ചപ്പോൾ ജനം വണ്ടറടിച്ചു. അ എന്ന അക്ഷരത്തിൽ തുടങ്ങിയാൽ കുറച്ചുസമയം സകലതും അ മയം. അതിനിടയിൽ ആനയും അമ്പഴങ്ങയും അലവലാതിയും ഒക്കെ കടന്നുവരും. വിഡ്ഢിത്തമാണെങ്കിലും കേട്ടിരിക്കാൻ നല്ല രസം.

റിച്ചിയോത്തി ഇല്ലായിരുന്നെങ്കിൽ തിരുവട്ടാറിന്റെ ക്രിസ്തു ചരിത്രപുരുഷൻ ആകുമായിരുന്നില്ല. ദൈവമക്കൾ വേദം വായിച്ചിരുന്നെങ്കിൽ തിരുവട്ടാറിന്റെ പ്രജാപതി പണ്ടേ നിർവ്വാണം പ്രാപിക്കുമായിരുന്നു. ശ്രോതാക്കൾക്ക് സംസ്കൃതത്തിൽ അല്പം ജ്ഞാനമെങ്കിലും ഉണ്ടായിരുന്നെങ്കിൽ തിരുവട്ടാറിന്റെ സംസ്കൃതത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും അറിയില്ല എന്ന് ഗ്രഹിക്കുമായിരുന്നു. പക്ഷേ വിശ്വാസികളിൽ ഭൂരിപക്ഷവും വിവരദോഷികളായതുകൊണ്ട് തിരുവട്ടാർ ഇന്നും പണ്ഡിതനായി വിലസുന്നു.

വടവനേയും ഡോ.ജോൺസൺ സി. ഫിലിപ്പിനേയും തിരുവട്ടാർ എന്തിനാണ് വേട്ടയാടുന്നത്? ഉപദേശപരമായ പ്രശ്നത്തിലാണോ? അല്ലെന്ന് വ്യക്തം. ഇവർ ദുർന്നടപ്പുകാരോ മറ്റ് ഗുരുതരമായ പാപങ്ങളിൽ ജീവിക്കുന്നവരോ ആയതുകൊണ്ടാണോ? അതുമല്ല. തികച്ചും വ്യക്തിപരമായ കാരണങ്ങളാലാണ് തിരുവട്ടാർ ഇവരെ നിരന്തരം അവഹേളിക്കുന്നത്. ഇവർ മാന്യൻമാരായതുകൊണ്ട് തിരുവട്ടാറിന്റെ നാണയത്തിൽ തിരിച്ചടിക്കുന്നുമില്ല.

ബ്രദറുകാരുടെ ഏകനും പ്രത്യക്ഷനുമായ വക്താവായി ചമഞ്ഞ് ഷൈൻ ചെയ്യുകയാണ് തിരുവട്ടാറിന്റെ ലക്ഷ്യം. അതിന് വിലങ്ങുതടിയായി വടവനയും ജോൺസണും നിൽക്കുന്നു എന്ന് തിരുവട്ടാർ കരുതുന്നു. അതുകൊണ്ട് ഇരുവരേയും തിരുവട്ടാർ ആക്രമിക്കുന്നു. ഇവരുടെ വഴികൾ അടയ്ക്കാൻ പദ്ധതി തയ്യാറാക്കുന്നു.

പണ്ടുള്ളത്ര ജനപ്രീതി ഇപ്പോൾ തിരുവട്ടാറിനില്ല. അനിൽ ചൂണ്ടിക്കാട്ടിയതുപോലെ, സ്വന്തം ഗോസ്പൽ ടീമിന്റെ പ്രസംഗകൻ എന്ന നിലയിൽ ലഭിക്കുന്ന സ്റ്റേജുകൾ ഒഴിവാക്കിയാൽ വേദികൾ ഏറെയൊന്നും ലഭിക്കുന്നില്ല. ആവർത്തനവിരസമായ പ്രസംഗം ജനത്തിന് മടുത്തിരിക്കുന്നു. ബൈബിൾ, രക്ഷ, ക്രിസ്തു, മതം തുടങ്ങിയവയേക്കുറിച്ച് കുറെ വാചകക്കസർത്തുകൾ മാത്രമാണല്ലോ സ്ഥിരം പരിപാടി. അസതോമായും പരിത്രാണായ സാധൂനാമും ഇല്ലാതെ തിരുവട്ടാറിന് പ്രസംഗമില്ല. ആർക്കും ഒരു ഗുണവും ചെയ്യാത്ത ഈ തിരുവട്ടിസമല്ല സത്യസുവിശേഷമെന്ന് സാമാന്യ ബുദ്ധിയുള്ളവരൊക്കെ തിരിച്ചറിഞ്ഞുകഴിഞ്ഞു. അതുകൊണ്ട് തിരുവട്ടാറിന് ഇനി ഏറെ മുൻപോട്ട് പോകാനാവില്ല എന്ന് വ്യക്തം. ഏതായാലും തിരുവട്ടാറിനേക്കുറിച്ച് എഴുതാൻ ധൈര്യം കാണിച്ച അനിലിനും അത് പ്രസിദ്ധീകരിച്ച ക്രൈസ്തവചിന്തയ്ക്കും അഭിനന്ദനം.




## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

RNI No. 68089 / 97
2007 June 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# അജ്ഞന്റെ ലക്ഷ്യം അമേരിക്ക

കെ.സി.ജോണിന്റെ കൊള്ളരുതായ്മകളേക്കുറിച്ച് നേരിട്ട് അറിവുണ്ടായിട്ടും അച്ചൻകുഞ്ഞ് ഇലന്തൂർ എന്തുകൊണ്ട് ആ നീചനെ വാനോളം പുകഴ്ത്തി മുഖപ്രസംഗം എഴുതി? ആരുമറിയാതെ അച്ചൻകുഞ്ഞ് സൂക്ഷിച്ചിരുന്ന ആ രഹസ്യം ഇപ്പോൾ അങ്ങാടിപ്പാട്ടായിരിക്കുന്നു. കെ.സി.ജോണിനെ പ്രീതിപ്പെടുത്തി അമേരിക്കയ്ക്ക് വിസ സംഘടിപ്പിക്കുക എന്നതായിരുന്നു അച്ചൻകുഞ്ഞിന്റെ ലക്ഷ്യം.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇന്ത്യയിൽ രണ്ടുവട്ടവും ഗൾഫിൽ പലവട്ടവും കെ.സി.ജോൺ ചവർ ചാനലിന്റെ ഉദ്ഘാടനം നടത്തുകയുണ്ടായി. പണം തട്ടുകയായിരുന്നു ഉദ്ദേശ്യം എന്ന് വിശേഷിച്ച് പറയുകയും വേണ്ട. ഇനി ഇന്ത്യയിൽ നിന്നോ ഗൾഫിൽ നിന്നോ കാര്യമായി ഒന്നും കിട്ടുകയില്ല. അതുകൊണ്ട് അമേരിക്കതന്നെ ശരണം. ഇപ്പോൾ അതിനുള്ള ശ്രമത്തിലാണ്.

ചാനൽ തുടങ്ങുന്നതിനു മുൻപ് അമേരിക്കയിൽ നിന്നും പണം പിരിക്കാൻ ശ്രമം നടത്തി പരാജയപ്പെട്ടതാണ്. എന്നാൽ ഐ.പി.സിയുടെ പ്രസിഡന്റ് എന്ന അധികാരം കൂടി ഉപയോഗിച്ച് പണം തട്ടാനാണ് പദ്ധതി. (ചവർ അമേരിക്കയിൽ ഉദ്ഘാടനം ചെയ്യുന്നത്രേ.) അതിന് പത്രക്കാരുടെ സഹായം വേണം. ചവറിന്റെ ഔദ്യോഗിക ഭാരവാഹിയാണെന്ന് പ്രഖ്യാപിച്ച് കത്തുകൊടുത്ത് ഒരു പത്രക്കാരന് കെ.സി.ജോൺ വിസ സംഘടിപ്പിച്ച് കൊടുക്കുകയും ചെയ്തു.

ഈ വിവരങ്ങളൊക്കെ അറിഞ്ഞപ്പോൾ അജ്ഞൻ കുഞ്ഞിനും അമേരിക്കൻ മോഹം ഉദിച്ചു. കെ.സി.ജോണിനെ മണിയടിച്ചാൽ ചവറിന്റെ ഭാരവാഹിയെന്ന ലേബലിൽ വിസ സംഘടിപ്പിക്കാം. പലവട്ടം ശ്രമിച്ചിട്ടും കിട്ടാതെപോയ അമേരിക്കൻ വിസ അങ്ങനെ നേടാം. അതിനുള്ള ആദ്യപടി എന്ന നിലയ്ക്കാണ് കെ.സി.ജോൺ മാഹാത്മ്യം വർണ്ണിച്ചത്. പക്ഷേ വെളുക്കാൻ തേച്ചത് പാണ്ടായി. ആകെ കൊളമായി. കെ.സി.ജോൺ വിസ കൊടുത്തതുമില്ല. ഡിഫെൻഡർ കള്ളി വെളിച്ചത്താക്കുകയും ചെയ്തു. (ചവർ ചാനൽ ബഹുത്ത് അഛാ, നമുക്കും കിട്ടണം വിസ).

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 **ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan